
# കെയ്റോസ്

2013 OCTOBER | Vol.12 | Issue 10 | ₹15



## സൗന്ദര്യവും വൈരൂപ്യവും

ആപത്തുകളിലും സന്ദേഹങ്ങളിലും വിഷമങ്ങളിലും മറിയത്തെ അനുസ്മരിക്കുക. മറിയത്തെ വിളിച്ച് അപേക്ഷിക്കുക. അവളുടെ നാമം നിങ്ങളുടെ അധരങ്ങളിൽ സദാ ഉണ്ടായിരിക്കട്ടെ. അവൾ കൈയിൽ പിടിച്ചിരിക്കുമ്പോൾ നിങ്ങൾ വീഴുകയില്ല. അവളുടെ സംരക്ഷണത്തിൽ നിങ്ങൾക്ക് ഭയപ്പെടാനില്ല. അവൾ മുമ്പേ നടക്കുന്നുങ്കിൽ നിങ്ങൾ ക്ഷീണിക്കയില്ല. അവൾ അനുകൂലിക്കയാണെങ്കിൽ നിങ്ങൾ ലക്ഷ്യത്തിലെത്തും. (St. Bernad)

ദിനം പ്രതി ജപമാല ചൊല്ലുന്നവർ ഒരിക്കലും വഴിതെറ്റിപ്പോകയില്ല. ഈ പ്രസ്താവന എന്റെ രക്തംകൊണ്ടു തന്നെ എഴുതി ഒപ്പിടാൻ എനിക്കു സന്തോഷമേയുള്ളു. (St. Louis de Montfort)

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, ജീവിതം, മരണം, മഹത്വം എന്നിവയിലെ മുഖ്യരഹസ്യങ്ങളുടെ ധ്യാനമാണ് പരി. ജപമാല. (St. Louis de Montfort)


അനുദിന ദിവ്യകാരുണ്യ സ്വീകരണവും പരി. ജപമാല പ്രാർഥനയുമാണ് എന്റെ പ്രവർത്തന വേദിയിലെ ശക്തി സ്രോതസ്സ്. (Bl. Mother Theresa)

പരി. ജപമാല ചരടിൽ തൂക്കിയിട്ട വി ബൈബിളാണ്. (Bl. Chavara Kuriakose Elias)

പരി. ജപമാല പ്രാർഥനകൊണ്ട് യഥാർഥ ഫലം ലഭിക്കണമെങ്കിൽ, അതു ചൊല്ലേണ്ട വിധത്തിൽ ചൊല്ലണം. (St. Francis de Sales)

ധ്യാനരഹിതമായ കൊന്തനമസ്കാരം, ആത്മാവില്ലാത്ത ശരീരം പോലെയാണ്. (Pope Paul VI)

വി. ബൈബിൾ, വി. കുരിശുരൂപം, പരി. ജപമാല എന്നിവയാണ് എന്റെ മൂന്നു നിധികൾ... ഇവ കൈയിൽ പിടിച്ചുകൊണ്ടു മരിക്കാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. (St. John Berchumans)





# സ്വയം സ്നേഹിക്കാം

ആ പെൺകുട്ടിയുടെ വാക്കുകൾ കേട്ടപ്പോൾ ഞാൻ വല്ലാതെ അത്ഭുതപ്പെട്ടുപോയി. കേരളത്തിലെ ഒരു മെഡിക്കൽ കോളജിലെ വിദ്യാർഥിനി. നല്ല ആരോഗ്യം, സുമുഖി, ആകർഷകമായ പെരുമാറ്റം, നിറം കറുപ്പാണ് എന്ന് പറയാനാവില്ല, അല്പം ഇരുനിറം എന്നു വേണമെങ്കിൽ പറയാം. തന്നെ മാനസികമായി തളർത്തുന്ന, വല്ലാതെ വിഷമിപ്പിക്കുന്ന പ്രശ്നമാണതെന്ന് അവൾ പറഞ്ഞപ്പോൾ എനിക്ക് വിശ്വസിക്കാനേ കഴിഞ്ഞില്ല. പഠനസ്ഥലത്തോ, വീട്ടിലോ, സാമ്പത്തികമായോ, പഠനകാര്യത്തിലോ അവൾക്ക് പ്രശ്നങ്ങളില്ല. പക്ഷേ, ശരീരത്തിന്റെ നിറം അവൾക്കൊരു പ്രശ്നമാണ്.

എൻജിനീയറിങ് പഠനം കഴിഞ്ഞ ഒരു ചെറുപ്പക്കാരനെ ഒരു പരിശീലനപരിപാടിക്കിടയിൽ വച്ച് പരിചയപ്പെട്ടു. ആറടി നാലിഞ്ച് ആണ് അവന്റെ പൊക്കം. എന്റെ ഉയരം- അതാണെന്റെ പ്രശ്നം. എവിടെച്ചെന്നാലും ഞാൻ ശ്രദ്ധിക്കപ്പെടുന്നു, 'പൊക്കക്കാരൻ' എന്നാണ് ഞാൻ അറിയപ്പെടുന്നതുതന്നെ. "എന്റെ ജീവിതത്തിൽ എന്നെ വിഷമിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്റെ പൊക്കമാണ്".

ഇതൊക്കെ ഏതാനും ഒറ്റപ്പെട്ട പ്രശ്നങ്ങൾ എന്നു കരുതിയ എനിക്ക് എന്റെ ധാരണകൾ മാറ്റിയെഴുതാൻ പ്രേരിപ്പിക്കുന്ന പ്രതികരണങ്ങളാണ് പലപ്പോഴും ലഭിച്ചത്.

നമ്മുടെ നാട്ടിലെ സാഹചര്യത്തിൽ സുന്ദരൻ-സുന്ദരി എന്നൊക്കെപ്പറഞ്ഞാൽ തീർച്ചയായും തൊലി വെളുത്തിരിക്കണം എന്ന് തീർച്ചപ്പെടുത്തിയ മട്ടാണ്. പൊക്കം, വണ്ണം, നിറം എന്നിങ്ങനെ എല്ലാത്തിനും സിനിമാ, പരസ്യതാരങ്ങളെ നോക്കി നിലവാരം നിർണയിച്ച് സ്വയം വിലയിരുത്തുകയാണ്. മുടിയുടെ നിറം, നീളം, മുഖത്തിന്റെ ആകൃതി, ശരീരവളർച്ച, എന്നിങ്ങനെ എല്ലാക്കാര്യങ്ങൾക്കും താരങ്ങളെ അടിസ്ഥാനമാക്കി നിലവാരം നിർണയിക്കുകയും, നിരാശരാവുകയും ചെയ്യുന്നു. നരച്ചമുടി കറുപ്പിക്കാനും, ഇല്ലാത്ത മുടി ഉണ്ടെന്ന് തോന്നിപ്പിക്കാനുമൊക്കെയുള്ള പരിശ്രമങ്ങൾ പലപ്പോഴും പലരുടെയും കാര്യത്തിൽ അപഹാസ്യമായിത്തീരുന്നു. സ്കൂളിൽ പഠിക്കുന്ന കുട്ടിയുടെ അമ്മയാണെങ്കിലും ഏത് കോളജിലാ പഠിക്കുന്നത് എന്നു ചോദിപ്പിക്കുന്ന തരത്തിൽ യുവത്വം നൽകുന്ന സോപ്പുണ്ടത്രേ.

തന്നെ, താനായിരിക്കുന്ന വിധത്തിൽ ഇഷ്ടപ്പെടാനും, സ്നേഹിക്കാനും, അഭിമാനിക്കാനുമാവുന്നില്ല എന്നതാണിവിടെ പ്രശ്നം.

"ദൈവം മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു" (ഉത്പ 1:27) എന്ന വചനത്തിലടങ്ങിയിരിക്കുന്ന സന്ദേശം എത്ര ശക്തമാണ്. ദൈവം എന്നെ കാണാനാഗ്രഹിക്കുന്നത് ഇങ്ങനെയാണ്, തെറ്റു പറ്റില്ലാത്ത ദൈവത്തിന്റെ അമൂല്യസൃഷ്ടിയാണ് ഞാൻ എന്ന അവബോധമല്ലേ നേരത്തെ പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം അടിസ്ഥാനപരമായ പരിഹാരമുണ്ടാക്കൂ. ഓരോ ദിവസത്തെയും സൃഷ്ടികർമത്തിനുശേഷം 'എല്ലാം മനോഹരമായിരിക്കുന്നു' എന്നു പറഞ്ഞ ദൈവത്തിന്റെ ചിത്രമാണ് നാം ഉത്പത്തി പുസ്തകത്തിൽ കാണുന്നത്.

സ്വയം ഇഷ്ടപ്പെടാനും സ്നേഹിക്കാനും അങ്ങനെ ആത്മാഭിമാനത്തോടെ, സന്തോഷത്തോടെ ജീവിക്കാൻ എല്ലാ കൗമാരക്കാർക്കും യുവജനങ്ങൾക്കുമാകട്ടെ.

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***

*kairosmag@gmail.com*

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ–683 503. ഫോൺ: 0484 – 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ **180** | അഞ്ചു വർഷത്തേക്ക് ₹ **800** | വിദേശത്തേക്ക് ₹ **1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി** 9895840991; പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142; എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ്** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513; അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജിബാബു മമ്പള്ളിൽ** 9447742672; ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9645869036

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

**കത്തുകൾ**

# ‘എവിടെയോ എന്തോ കുഴപ്പമുണ്ട്’

ആഗസ്റ്റ് ലക്കം കെയ്റോസ് വായിച്ചപ്പോൾ മാസികയെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തണമെന്നുതോന്നി. മാസികയുടെ പുറത്തുള്ള എവിടെയോ എന്തോ കുഴപ്പമുണ്ട് എന്ന പ്രസ്താവന വളരെ ശരിയാണ്. ഇന്നത്തെ സാമൂഹ്യസമ്പർക്കമാധ്യമങ്ങളെ നിരീക്ഷിക്കുമ്പോൾ ഇക്കാര്യം നമുക്കു ബോധ്യപ്പെടും. ഡോ. ചാക്കോച്ചൻ ഞാവള്ളിയുടെ എഡിറ്റോറിയൽ മുതൽ അരുൺ ആന്റണി എഴുതിയ കലപില വരെ ഒറ്റയിരുപ്പിൽ വായിച്ചുതീർത്തു. മാസികയിൽ എൽസീന ജോസഫ് എഴുതിയ ചാനലുകളിലെ സ്വാഗതാർഹങ്ങളായ പരിപാടികളെക്കുറിച്ചുള്ള വിവരണം നന്നായിരുന്നു. സത്യമേവ ജയതേ, കോടീശ്വരൻ, സഞ്ചാരം തുടങ്ങിയവ എടുത്തുപറയേണ്ടതുതന്നെ. സാമ്പത്തികമായും ആരോഗ്യപരമായും യാത്രചെയ്യാൻ പറ്റാത്തവർക്ക് സഞ്ചാരം വളരെ സന്തോഷം തരുന്നതാണ്. ശാലോമിലെ പല പരിപാടികളും കുടുംബമൊന്നിച്ചു കാണാൻ കഴിയുന്നതും എല്ലാവർക്കും ഉപകാരപ്പെടുന്നതുമാണ്. കവർസ്റ്റോറി എഴുതിയതിൽ നിർമൽ ജോണിനെ പ്രശംസിക്കാതെ വയ്യ. മാധ്യമങ്ങളുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി വളരെ കൃത്യമായി വിമർശിച്ചിരിക്കുന്നു. ജോബി തോമസ് എഴുതിയ ‘നിത്യതയുടെ തീരത്തേക്ക്’ എന്ന ലേഖനം ദൈവിക കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ പലരെയും പ്രചോദിപ്പിക്കുന്നതാണ്.

ഫാ. ഫ്രാൻസിസ് കാരക്കാട്ടിന്റെ ‘മാധ്യമ അധിനിവേശം’ എന്ന ലേഖനം ആ മേഖലയെക്കുറിച്ച് നല്ല അറിവു പകരുന്നതായിരുന്നു. സണ്ണി കോക്കാപ്പിള്ളിൽ എഴുതിയ ‘സൈന്യത്തെ കാണാത്ത മാധ്യമങ്ങൾ’ എന്നത് വളരെ ഹൃദയസ്പർശിയായിരുന്നു. അതുപോലെ അദ്ദേഹത്തിന്റെതന്നെ ‘ചാനലുകൾ നമ്മെ കവർന്നെടുക്കുമ്പോൾ’ എന്നതും വളരെ സത്യസന്ധമായ വിവരണമാണ്. സഭ തുടങ്ങിയ ‘ജീവൻ’ എന്ന ചാനൽ സാമ്പത്തിക കാരണത്താൽ ഉദ്ദേശിച്ച രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തതും അതിനു കനത്ത വില നൽകേണ്ടി വരുമെന്ന താക്കീതും കണ്ടപ്പോൾ ആകെപ്പാടെ ഒരു ഭയം തോന്നുന്നു.

*എൽസി ഫ്രാൻസീസ്*
*അയോദ്ധ്യാ നഗർ, നാഗ്പൂർ*



## വഴിയും വിളിയും

ജേക്കബ് കോച്ചേരി



# പ്രകാശം പരത്തുന്ന പെൺകുട്ടി

മാർഗംകളി മത്സരത്തിനായി കുട്ടികളെ മേക്കപ്പിടുമ്പോൾ അൽപം നിറംകുറഞ്ഞ പെൺകുട്ടിയെപ്പറ്റി അവളുടെ കൂട്ടുകാരി കമന്റടിച്ചു. "അവളുടെ മുഖം മാത്രം മേക്കപ്പിട്ടിട്ട് കാര്യമില്ല സാറേ... കയ്യും കാലും കഴുത്തും എല്ലാം വെളുപ്പിക്കണം. ഞങ്ങളുടെ കാക്കക്കറുമ്പിയാ..."

ഉടനെ അവളുടെ മറുപടി വന്നു "അതേടീ... കറുപ്പിന് ഏഴഴകാ... അതുപോലെ ആരോഗ്യവും. റിഹേഴ്സലിന് ഇവരൊക്കെ നിന്ന് കിതയ്ക്കുന്നത് സാറും കണ്ടതല്ലേ"

ശരിയാണ്. ആരോഗ്യവതിയാണവൾ. എങ്കിലും അവളുടെ മാനസികാരോഗ്യത്തെക്കുറിച്ച് ഞാൻ വിസ്മയിച്ചു. പീന്നീടവളെ തനിച്ചുകിട്ടിയപ്പോൾ, ഇത്തരം കമന്റുകൾ കേൾക്കുമ്പോൾ വിഷമമില്ലേയെന്ന് ചോദിച്ചു.

"ആദ്യമൊക്കെ 'കാക്കേ' എന്നുവിളിച്ച് കളിയാക്കുമ്പോൾ വിഷമമായിരുന്നു. വീട്ടിൽച്ചെന്ന് അമ്മയോട് വഴക്ക് കൂടും. 'കറുത്ത എന്നെ എന്തിനാ ദൈവം സൃഷ്ടിച്ചത്' എന്നൊക്കെയാവും എന്റെ വാദങ്ങൾ. അമ്മയും ഒത്തിരി വിഷമിച്ചിരുന്നു".

എന്നാൽ വൈലോപ്പിള്ളി ശ്രീധരമേനോന്റെ 'കാക്ക' എന്ന കവിത ക്ലാസ്സിൽ പഠിപ്പിച്ചപ്പോൾ ഞാൻ ഒത്തിരി ആലോചിച്ചു.

"കൂരിരുട്ടിന്റെ കിടാത്തിയെന്നാൽ

സൂര്യപ്രകാശത്തിന്നുറ്റ തോഴി"

എന്നുതുടങ്ങുന്ന കവിതയിൽ കാക്ക പ്രകൃതിയോട് ഏറ്റവും അടുത്തുജീവിക്കുന്ന ബുദ്ധിമതിയായ പക്ഷിയാണെന്ന് കണ്ടു. കൂടാതെ, കറുത്തവർ നേടിയ വിജയങ്ങൾ ഞാൻ ഓർമിച്ചു. പെലെ, നെൽസൺ മണ്ടേല, ഒബാമ, ഉസൈൻ ബോൾട്ട് തുടങ്ങിയവരുടെ നീണ്ടനിര. ലോകം അവരെ ആദരിക്കുന്നത് അവരുടെ രൂപസൗന്ദര്യം കൊണ്ടല്ല. അവരിലെ പ്രതിഭയെ ആദരിച്ചിട്ടാണ്. മാത്രമല്ല,

'ചന്തം കറുപ്പിന് കുന്തമാണെങ്കിൽ
പിന്നെ നാമെന്തിന് ക്ലേശിക്കുന്നു
കേശം നരയ്ക്കുകിൽ'

കറുപ്പ് അഭംഗിയാണെങ്കിൽ തലമുടി നരയ്ക്കുമ്പോൾ നാം വീണ്ടും കറുപ്പിക്കുന്നതെന്തിനാണ്. കറുപ്പിന് ഇങ്ങനെ ഒട്ടേറെ സവിശേഷതകളുണ്ടെന്ന് എനിക്ക് മനസ്സിലായി.

'എന്റെ നിറത്തെയും രൂപത്തെയും സ്നേഹിക്കാൻ തുടങ്ങിയപ്പോൾ എന്റെ പ്രശ്നമെല്ലാം തീർന്നു'. അവൾ ആർജിച്ചെടുത്ത ആത്മവിശ്വാസത്തെ ഞാൻ ഹൃദയംതുറന്ന് അഭിനന്ദിച്ചു.

കൗമാരക്കാരിൽമാത്രമല്ല കൊച്ചുകുട്ടികളിലും അവരുടെ ആത്മവിശ്വാസത്തെ തകർക്കുന്ന പ്രശ്നമാണ് കുട്ടികളിലെ സൗന്ദര്യസങ്കല്പം. തന്നെക്കുറിച്ചും തന്റെ കഴിവിനെക്കുറിച്ചും ഭാവാത്മകവും കൃത്യവുമായ ധാരണയാണല്ലോ ആത്മവിശ്വാസം. അങ്ങനെയുള്ളവർ പുതിയ കാര്യങ്ങൾ പഠിക്കും. ശുഭാപ്തി വിശ്വാസമുള്ളവരും ഉത്സാഹികളുമായിരിക്കും. പ്രതികൂലസാഹചര്യങ്ങളെയും വിമർശനങ്ങളെയും അതിജീവിക്കും. എന്നാൽ സ്വാഭിമാനമില്ലാത്തവർ തന്റെ നിറം, പൊക്കം, രൂപം, മുടി, സൗന്ദര്യം തുടങ്ങിയ കാര്യങ്ങളിലെ കുറവുകൾ പരിഹരിക്കാൻ പരസ്യങ്ങളിൽ കാണുന്നതെല്ലാം പരീക്ഷിക്കും. പലതും വിനയായിത്തീരും - പോക്കറ്റും കാലിയാകും.

എന്നാൽ കുട്ടികളിലെ സൗന്ദര്യസങ്കല്പത്തെ പുനർവായിക്കേണ്ടത് അധ്യാപകരാണ്. സിനിമ-കായികതാരങ്ങളെ അനുകരിക്കാൻ ശ്രമിക്കുന്ന കുട്ടികളോടുള്ള സമീപനങ്ങൾ

*(ശേഷം പേജ് 17-ൽ)*


## അനുഭവം

സണ്ണി കോക്കാപ്പിള്ളിൽ

# വാർധക്യം തരുന്ന നന്മകൾ

'പുതിയതരം ഡൈ എന്റെ കൈവശമുണ്ട്. ഫോറിനാണ്. ഒന്നുപയോഗിക്കരുതോ?'

സുഹൃത്തിന്റെ ചോദ്യമാണ്. ഏതാണ്ട് ഒരു വർഷം മുൻപു മുതലാണ് എന്റെ തലമുടി കൂടുതലായി നരയ്ക്കാൻ തുടങ്ങിയത്. കഷണ്ടിക്കു പുറമേ നരകൂടി ബാധിച്ചപ്പോൾ വാർധക്യം തൊട്ടടുത്തെത്തിയതുപോലെ. എന്നാൽ, എനിക്കതിൽ യാതൊരു നിരാശയും തോന്നിയില്ല. ഇതെല്ലാം സ്വാഭാവികമായ കാര്യമാണ്. ബാല്യം, കൗമാരം, യൗവനം, വാർധക്യം എന്നീ ജീവിതാവസ്ഥകളിലൂടെ മനുഷ്യൻ കടന്നുപോകേണ്ടതുണ്ട്. യൗവനം അസ്തമിക്കുമ്പോൾ വാർധക്യം കടന്നുവരും. കൃത്രിമമായി എത്ര മറച്ചുവച്ചാലും കാണുന്നവർക്ക് ഒരാളുടെ പ്രായം തിട്ടപ്പെടുത്താൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല.



മുടിയും മീശയും താടിയുമൊക്കെ എത്ര ഡൈ ചെയ്താലും മുഖത്തെ ചുക്കിച്ചുളിവുകൾ മറയ്ക്കാൻ ആർക്കും സാധിക്കില്ല. വാർധക്യത്തിലെത്തിയിട്ടും നരച്ച മുടിയും മീശയും ഉള്ളവർ കൗമാരക്കാരെപ്പോലെ കറുപ്പുനിറം പൂശി നടക്കുമ്പോൾ ഒരു ക്രമക്കേട് തോന്നാറുണ്ട്.

'ഇപ്പോൾത്തന്നെ വയസ്സനായി നടക്കുന്നതെന്തിനാണ്', സുഹൃത്ത് എന്നെ വിടാൻ ഭാവമില്ല.

'നമുക്കു വയസ്സായി എന്ന് മറ്റുള്ളവർ വിചാരിച്ചാൽ എന്താണു കുഴപ്പം?' ഞാൻ സുഹൃത്തിനോടു ചോദിച്ചു.

'വൃദ്ധരെന്ന നിലയിൽ നമ്മൾ ചില കാര്യങ്ങളിൽ മാറ്റി നിറുത്തപ്പെടും'.

'ഒരു കാലഘട്ടം കഴിയുമ്പോൾ എല്ലാവരും പല മേഖലകളിൽ നിന്നും മാറി നില്ക്കേണ്ടി വരുമെന്നത് ഒരു യാഥാർഥ്യമല്ലേ. പ്രായത്തിനനുസരിച്ച് കാഴ്ചപ്പാടുകൾ വ്യത്യസ്തമാകുമെന്നതാണു സത്യം'.

പിന്നെയും ഈ വിഷയത്തെപ്പറ്റി പലതും ഞങ്ങൾ സംസാരിച്ചു. സുഹൃത്തിന്റെ സംഭാഷണത്തിന്റെ രത്നച്ചുരുക്കം ഇതായിരുന്നു: നരകയറുമ്പോൾ എതിർലിംഗത്തിൽപ്പെട്ടവരുടെ മനസ്സിൽ നമ്മെക്കുറിച്ചുള്ള ഇമേജ് നഷ്ടപ്പെടും. യൗവനയുക്തരുടെ മുൻപിൽ മതിപ്പു പോകും. സൗന്ദര്യത്തിനു വലിയ ശക്തിയുണ്ട്. കാണുന്നവരുടെ മുൻപിൽ സുന്ദരനും സുന്ദരിയുമായി വിരാജിക്കാൻ നമുക്കു കഴിയണം. അപ്പോളാണ് നാം അംഗീകരിക്കപ്പെടുന്നുണ്ട്.

സുഹൃത്തിന്റെ വാദഗതികളോടു യോജിക്കാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ തിരിച്ചൊരു ചോദ്യമെറിഞ്ഞു:

'ജോൺപോൾ രണ്ടാമൻ മാർപാപ്പയും മദർതെരേസയും അബ്ദുൾ കലാമുമൊക്കെ യുവജനങ്ങളുടെ ആരാധ്യരായത് വാർധക്യത്തെ മറച്ചു വച്ചതുകൊണ്ടാണോ?'

സുഹൃത്ത് അതിനു മറുപടി പറഞ്ഞില്ല. വാർധക്യത്തിന്റെ ലക്ഷണമായ നര അനേകരെ അസ്വസ്ഥതപ്പെടുത്താറുണ്ട്. സുഹൃത്തു വച്ചുനീട്ടിയ വിദേശനിർമിത ഡൈ ഞാൻ സ്വീകരിച്ചില്ല.

അടുത്തകാലത്തായി നര എനിക്കു വലിയ സന്തോഷം തന്ന സംഭവങ്ങൾ എന്റെ ജീവിതത്തിലുണ്ടായി. ഒരു സന്ധ്യാനേരത്ത് ബസ്സ്റ്റോപ്പിലേക്കു ഞാൻ കടന്നുചെന്നതേയുള്ളൂ. ഏകദേശം പതിനെട്ടു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടി പെട്ടെന്ന് എന്റെയടുക്കലേക്കു നീങ്ങി ചേർന്നുനിന്നു. കുറച്ചപ്പുറത്ത് നാലഞ്ചു ചെറുപ്പക്കാർ നില്ക്കുന്നതു കണ്ടു. അവരിൽ നിന്നും എന്തെങ്കിലും ദുരനുഭവങ്ങൾ അവൾക്ക് ഉണ്ടായിരിക്കാം. ഏതായാലും രക്ഷക്കു വേണ്ടി അവൾ നോക്കിയത് എന്നെയാണ്. ഞങ്ങൾ പരസ്പരം ഒന്നും സംസാരിച്ചില്ല. കുറച്ചുകഴിഞ്ഞപ്പോൾ

അവൾക്കു പോകാനുള്ള ബസ് വന്നു. എന്റെ മുഖത്തേക്കു നോക്കിയതിനുശേഷം അതിൽ കയറി പോവുകയും ചെയ്തു. നരച്ച തലമുടിയുള്ളതിനാൽ ഞാൻ ദൈവത്തിനു നന്ദി പറഞ്ഞു. എന്റെ വാർധക്യലക്ഷണം അവൾ സംരക്ഷണമായി കരുതി. എനിക്കു കിട്ടിയ വലിയൊരംഗീകാരമായി ഈ സംഭവത്തെ ഞാൻ കാണുന്നു.



ചില സമൂഹത്തിൽ ചെല്ലുമ്പോൾ മുടി നരച്ച ആരെയും നമുക്കു കാണാൻ കഴിയുകയില്ല. ആ ദേശത്ത് ആരും വൃദ്ധരാകുന്നില്ലേ എന്നു നാം സംശയിക്കും. എന്നാൽ, പലരുടെയും മുഖത്തേക്കു നോക്കുമ്പോൾ കൃത്രിമത്വം വ്യക്തമാവുകയും ചെയ്യും. ഒരു സമൂഹത്തോട് ഞാനിന്നും യൗവനയുക്തനാണ്, യൗവനയുക്തയാണ് എന്നു വിളിച്ചു പറഞ്ഞിട്ട് എന്തു കാര്യമാണുള്ളത്? അൻപതുകളിലൊക്കെ അതു കുറെയൊക്കെ അംഗീകരിച്ചുകൊടുക്കാമെങ്കിലും എഴുപതും എൺപതും വയസ്സായ സ്ത്രീ പുരുഷന്മാർ മുടിയും മറ്റും ഡൈ ചെയ്യുന്നത് കാണുമ്പോൾ എനിക്കവരോട് സഹതാപമാണു തോന്നാറുള്ളത്.


മാസങ്ങൾക്കു മുൻപ് പാലക്കാട്ടുനിന്നും കോഴിക്കോട്ടേയ്ക്ക് ബസ്സിൽ ഞാൻ യാത്ര ചെയ്യുകയായിരുന്നു. സീറ്റൊന്നും ഒഴിവില്ല. കണ്ടക്ടർ ഏകദേശം ഇരുപത്തിയഞ്ചു വയസ്സിൽ താഴെ മാത്രം പ്രായമുള്ള ഒരു വനിതയായിരുന്നു. തൊട്ടടുത്തിരുന്ന സ്ത്രീ അടുത്ത സ്റ്റോപ്പിൽ ഇറങ്ങിയപ്പോൾ അവർ ഇരിക്കുന്ന സീറ്റിനോടു ചേർന്നുള്ള സീറ്റ് കാലിയായി. അവിടെ ഞാനിരുന്നോട്ടെയെന്നു കണ്ടക്ടറോടു ചോദിച്ചു. ആദ്യം അവർ മടികാണിച്ചു. അപ്പോൾ ചുറ്റുമിരുന്ന രണ്ടുപേർ, 'പ്രായമുള്ളയാളല്ലേ, ഇരുന്നോട്ടെ,'യെന്ന് പറഞ്ഞു. ഉടനെ വനിതാ കണ്ടക്ടർ എന്നെയവിടെ ഇരുത്തി. മുടി നരച്ചതിൽ അന്നും ഞാൻ സന്തോഷിച്ച ദിവസമാണത്.

പലരും ആദരവോടെ സമീപിക്കുന്നതും വാഹനങ്ങളിൽ സീറ്റു തരപ്പെടുന്നതുമൊക്കെ കാണുമ്പോൾ മുടിക്കു നരകയറിയതിന്റെ മാഹാത്മ്യം ഞാൻ മനസ്സിലാക്കുന്നു. ഒരു ചെറുപ്പക്കാരൻ എന്ന നിലയിൽ വീക്ഷിക്കപ്പെടേണ്ടയാളല്ലേ ഞാൻ. പ്രായത്തിന്റെ പക്വതയിലും അനുഭവജ്ഞാനത്തിലുമാണ് ഞാൻ അറിയപ്പെടേണ്ടതും അംഗീകരിക്കപ്പെടേണ്ടതും.

ഒരു സുഹൃത്തു പറഞ്ഞ സംഭവമോർക്കുന്നു. കുറച്ചു നാളുകൾക്കു മുൻപ് രണ്ടു സുഹൃത്തുക്കൾ പ്രശസ്തമായ ഒരു ധ്യാനകേന്ദ്രത്തിൽ ധ്യാനം കൂടാൻ പോയി. അതിൽ അറുപത്തിയഞ്ചു വയസ്സുള്ള ഒരാൾ ഡൈ ചെയ്ത് പ്രായക്കുറവ് തോന്നിച്ചിരുന്നു. ഏകദേശം അൻപതു വയസ്സുള്ള മറ്റേയാൾ പകുതി മുടിയും നരച്ച പ്രകൃതമായിരുന്നു. വളരെ തിരക്കുള്ള ധ്യാനസെന്ററായിരുന്നതിനാൽ ആകെ ഒരു കട്ടിലാണ് അവർ ചെല്ലുമ്പോൾ ഒഴിവുണ്ടായിരുന്നത്. ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൻ വന്ന് കട്ടിൽ അനുവദിച്ചത് കൂട്ടത്തിൽ നരച്ച, എന്നാൽ പ്രായക്കുറവുള്ള വ്യക്തിക്കാണ്. വളരെ തണുപ്പുള്ള സ്ഥലത്ത് അറുപത്തിയഞ്ചുകാരൻ അഞ്ചു ദിവസത്തോളം നിലത്തു കിടക്കേണ്ടിവന്നു. ധ്യാനം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ പ്രായം ചെന്നയാൾ എടുത്ത പ്രധാനതീരുമാനം ഇനി ഡൈ ചെയ്യുന്ന പരിപാടി നിറുത്തി എന്നതാണ്.

നരച്ചമുടി കറുപ്പിക്കുന്നത് തെറ്റാണ്, പക്വതയുടെ അഭാവമാണ് എന്നൊന്നുമല്ല ഇവിടെ വിവക്ഷിക്കുന്നത്. അതൊക്കെ ഓരോരുത്തരുടെയും സ്വാതന്ത്ര്യമാണ്. എന്നാൽ, എന്നെ സംബന്ധിച്ചിടത്തോളം ഒരുപാടു നന്മകൾ നരകയറിയ മുടി നൽകുന്നുണ്ട്. ജീവിതം എപ്പോഴും പ്രവർത്തന നിരതമാകാനാണ് നാം ശ്രമിക്കേണ്ടത്. എന്തൊക്കെ കാണിച്ചാലും പ്രായം കൂടാതിരിക്കില്ല. മുപ്പതുകളിൽ മറ്റുള്ളവരുടെ മനസ്സിൽ നാമുണ്ടാക്കിയ രൂപഭാവങ്ങളല്ല അറുപതുകളിൽ നാം നൽകേണ്ടത്. യൗവനം നഷ്ടപ്പെടുന്നല്ലോ എന്നോർത്തു ദുഃഖിക്കേണ്ട കാര്യമില്ല. ഒരുപാടു പുതിയ നന്മകൾ വാർധക്യം നമുക്കായി കരുതിവച്ചിട്ടുണ്ട്.

'നരച്ച മുടി മഹത്വത്തിന്റെ കിരീടമാണ്; സുകൃതപൂർണമായ ജീവിതം കൊണ്ടാണ് അതു കൈവരുന്നത്' (സുഭാ 16:31) ■



## കവർസ്റ്റോറി

എൽസീന ജോസഫ്



# "നീ എന്റേതാണ്..."

'എല്ലാറ്റിനും അതിന്റേതായ ഒരു സമയമുണ്ട് ദാസാ...' ഈ ഹിറ്റ് സിനിമാ ഡയലോഗിന്റെ സാരസ്യം ഞാൻ തിരിച്ചറിയാൻ ജീവിതത്തിന്റെ 25 വർഷങ്ങൾ വേണ്ടിവന്നു. അതിപ്രകാരമാണ്, ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ് ജോലിയായിരുന്നു എനിക്ക്. ജോലിയുടെ ഭാഗമായി കൊട്ടാരക്കരയിൽ നിന്ന് മുക്കൂട്ടുതറയിലേക്ക് യാത്രചെയ്യവേ മൂലം എന്ന സ്ഥലത്തുവച്ച് ഒരു വാഹനാപകടത്തിൽ എന്റെ നട്ടെല്ലിന് പൊട്ടൽ സംഭവിച്ചു. ഇതേതുടർന്ന് സ്പൈനൽ കോഡിന് ക്ഷതമേറ്റ് എന്റെ അരയ്ക്കു താഴേക്ക് പൂർണമായും തളർന്നുപോയി. തിരുവനന്തപുരം മെഡിക്കൽ കോളജിലെ ഒരു മാസം നീണ്ട ചികിത്സയ്ക്കു ശേഷം വീടിനടുത്തുള്ള ഹോസ്പിറ്റലിൽ ചികിത്സ തുടർന്നു. യൗവനത്തിന്റെ നല്ല നാളുകളിൽ ശരീരത്തിന്റെ പകുതി ഭാഗം തളർന്ന് വീൽചെയറിൽ ജീവിതം നീക്കേണ്ടി വന്ന അവസ്ഥ ആദ്യമൊക്കെ താങ്ങാനാവുന്നതിലും അധികമായിരുന്നു. എന്നാൽ ദൈവത്തിന്റെ ഹിതത്തിന് സ്വയം സമർപ്പിച്ച് അവിടുന്നനുവദിക്കുന്ന അത്രയും കാലം ഭൂമിയിൽ സന്തോഷത്തോടെ ജീവിക്കുവാൻ ഞാൻ കരുത്തു നേടി. ആത്മഹത്യ എന്ന ഭീരുത്വത്തിൽ നിന്ന് പ്രത്യാശയിലേക്ക് ജീവിതം ക്രമപ്പെടുത്തുവാൻ ദൈവകൃപയ്ക്ക് കണ്ണീരോടെ പ്രാർഥിച്ചു. എല്ലാ അർഥത്തിലും ജീവിതം പ്രതിസന്ധി നേരിട്ടപ്പോൾ മരണത്തെ ഉത്ഥാനം കൊണ്ട് കീഴ്പ്പെടുത്തിയ യേശുവും, സാവൂളിന്റെ പൗലോസിലേക്കുള്ള പരിവർത്തനവും, പാറമടയിൽ നിന്ന് പത്രോസിന്റെ സിംഹാസനമേറിയ വാഴ്ത്ത

പ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പയും, ഹെലൻകെല്ലറും പ്രത്യാശയുടെ സാക്ഷിക ളായി എന്റെ മുന്നിൽ നിരന്നു. ആശ്രയമേ കേണ്ടവൻ പരാശ്രിതനായി കിടക്കയിലായ പ്പോൾ കൂട്ടുകാരുടെയും നാട്ടുകാരുടെയും



സ്നേഹനിർഭരമായ പ്രോത്സാഹനം കരു ത്തേകി.

നടന്നു ജോലികൾ ചെയ്യാൻ കഴിയാത്ത തുകൊണ്ടും നിത്യവൃത്തിക്ക് വക കണ്ടെ ത്തേണ്ടത് അത്യാവശമായതു കൊണ്ടും ഇരുന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന ജോലി കളിലൂടെ സ്റ്റെബിലൈസർ, ഇലക്ട്രോണിക് ചോക്ക്, മിക്സി മുതലായവ നന്നാക്കി വരുമാനം കണ്ടെത്തി. കത്തിപ്പോയ സ്റ്റെബി ലൈസർ അഴിച്ചു നോക്കി അതിന്റെ ഉള്ളിലെ പ്രവർത്തനം മനസ്സിലാക്കി ഒരെണ്ണം സ്വന്ത മായി നിർമ്മിച്ചു. ഇത് 300 W മുതൽ 10 K. V. വരെയുള്ള സ്റ്റെബിലൈസർ നിർമാണ ത്തിലും വിതരണത്തിലും എത്തിച്ചു. എന്നാൽ ഇതിലേക്കുള്ള പാർട്സുകൾ വാങ്ങുന്നതിനായി ധാരാളം യാത്ര ചെ യ്യുക ബുദ്ധിമുട്ടായി വന്നപ്പോൾ 2 ലക്ഷം രൂപ ഇൻഷുറൻസിലൂടെ എടുത്ത് ഒരു കാർ വാങ്ങി. എന്റെ വിജയത്തിലേക്കുള്ള ആദ്യ പ ടി ഇവിടെ തുടങ്ങി.

എല്ലാവരും ആദ്യമൊക്കെ വിമർശിച്ചു. അവർക്ക് ഞാൻ പ്രവൃത്തിയിലൂടെ മറുപടി ന ൽകി. അമേരിക്കൻ പ്രസിഡണ്ടിന്റെ കോക്ക് പിറ്റ് ആണ് എയർഫോഴ്സ് വൺ. ആ ഭീമൻ വിമാനത്തെ ഏതാനും ലിവറുകൾ ഉപയോ ഗിച്ച് പൈലറ്റ് നിയന്ത്രിക്കുന്നത് ജിയോ ഗ്രാഫിക് ചാനലിൽ കാണാൻ ഇടയായി. ഇതെന്തുകൊണ്ട് എനിക്കും പരീക്ഷിച്ചുകൂ ടാ? എന്ന ചിന്ത എന്നെ പ്രവർത്തന നിര തനാക്കി. നിരവധി തവണത്തെ പരിശ്ര മങ്ങൾക്കും പരാജയങ്ങൾക്കുമൊടുവിൽ എന്റെ കാറിലും അതുപോലൊരെണ്ണം രൂപ പ്പെടുത്തി. ഒരു കാറിന്റെ മുഴുവൻ നിയന്ത്ര ണവും കൈക്കുള്ളിലാക്കുവാൻ ദൈവം എനിക്ക് വഴികാട്ടിയായി. ഈ സമയത്ത് പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി എന്റെ ഈ സിസ്റ്റം വീഡിയോയിൽ പകർത്തി നാഷണൽ ഇന്നൊവേഷൻ ഫൗണ്ടേഷന് അയച്ചുകൊടുത്തു. അതിന് ചുക്കാൻ പിടി ച്ചത് ഹബി മാത്യു അച്ചനും, തോമസ് കുറ്റി പ്പാലക്കൽ അച്ചനും, റ്റി. ജെ. ജെയിംസ് സാറുമാണ്. ഇതുകണ്ട അഹമ്മദാബാദിൽ നിന്നുള്ള എൻ. എഫ്. എഫിന്റെ ഉദ്യോ ഗസ്ഥൻ എന്നെ അവാർഡിന് നോമിനേറ്റ് ചെയ്യുകയും 2007-ലെ നാഷണൽ അവാർഡ് അന്നത്തെ രാഷ്ട്രപതി ഡോ. കലാമിൽ നിന്ന് ഡൽഹിയിൽ വച്ച് ഏറ്റുവാങ്ങുകയും ചെയ്തു. ജീവിതത്തിലെ വലിയൊരു വഴി ത്തിരിവായിരുന്നത്.

പത്ര, ദൃശ്യ മാധ്യമങ്ങളിലൂടെ ഈ വാർത്ത അറിഞ്ഞ ധാരാളം വികലാംഗർ ഈ സിസ്റ്റ ത്തിനായി എന്നെ സമീപിച്ചു. പഞ്ചഗുസ്തി യിലെ ലോകചാമ്പ്യൻ ജോബി മാത്യു അതി ലൊരു പ്രമുഖനാണ്. എന്നാൽ ധാരാളം പേർ ഇതിലൂടെ ഡ്രൈവിംഗ് തുടങ്ങിയപ്പോൾ വികലാംഗർക്ക് ലൈസൻസ് നൽകില്ല എന്നത് വലിയൊരു പ്രശ്നമായി മാറി. പിന്നീട് അതിനായുള്ള പരിശ്രമങ്ങൾ. ഈ വെല്ലുവിളി നേരിടാൻ പണവും, സമയവും, യാത്രയും ധാരാളമായി വേണ്ടി വന്നു. പത്ത നംതിട്ട, കോട്ടയം ട്രാൻസപോർട്ട് ഉദ്യോഗ സ്ഥരെക്കൊണ്ട് ടെസ്റ്റ് റിപ്പോർട്ട് തയ്യാറാക്കി എ. ആർ. എ. ഐ ക്ക് അയച്ചുകൊടുത്തു. തുടർന്ന് 1800 കി. മീ. ദൂരെയുള്ള പൂനെയിലെ ഓഫീസിലേക്ക് ഞാനും ജോബിമാത്യുവും കൂടി യാത്രതിരിച്ചു. അവിടുന്ന് ലക്ഷക്കണ ക്കിന് രൂപ വിലയുള്ള ടെസ്റ്റിൽ വിജയിച്ച് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം നേടിയ ഇന്ത്യയിലെ ഏക വ്യക്തിയായി. ഇതിലൂടെ എന്റെ വർക്ക് ഷോപ്പിൽ ഈ രീതിയിൽ വണ്ടിയിൽ മാറ്റം വരുത്തിയ എല്ലാവർക്കും ലൈസൻസ് ലഭ്യമായി.

2011 ഡിസംബർ 3-ന് ലോകവികലാംഗ ദിനത്തിൽ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് എംപവർമെന്റ് അവാർഡ് ലഭിച്ച




പ്പോൾ എന്നെക്കുറിച്ച് 'ദി ഹിന്ദു', 'ഇന്ത്യൻ എക്സ്പ്രസ്സസ്സ്', 'C. N. N.', 'I. B. N.'എന്നിവയിലൊക്കെ വാർത്തയും പ്രോഗ്രാമുകളും വന്നു. ഇതുവഴി 'ഇന്ത്യാ പോസിറ്റീവ്' എന്ന പ്രോഗ്രാമിന്റെ അഭിപ്രായവോട്ടെടുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട 15–ൽ ഒന്നാകാൻ കഴിഞ്ഞത് എനിക്ക് കിട്ടിയ മൂന്നാമത്തെ ദേശീയാംഗീകാരമാണ്. കൂടാതെ കോട്ടയം ജില്ലാ സാമൂഹ്യ നീതി വകുപ്പ് അവാർഡ്, ക്രാഫ്റ്റ്മാൻഷിപ്പ് അവാർഡ്, ജെ. സി. ഐ. അവാർഡ്, അഗാപ്പെ ഷിക്കാഗോ അവാർഡ്, കേരള കത്തോലിക് ഫെഡറേഷൻ അവാർഡ് തുടങ്ങി ദേശീയ അവാർഡുകൾ ഉൾപ്പെടെ ധാരാളം അംഗീകാരങ്ങൾ ദൈവപരിപാലനയിൽ എനിക്ക് ലഭിക്കുകയുണ്ടായി. പ്രതിസന്ധിയുടെ നിമിഷങ്ങളിൽ ദൈവത്തിലേക്ക് നോക്കിയപ്പോൾ "നീയെന്റേതാണ്" എന്നു പറഞ്ഞു ചേർത്തു നിറുത്തുന്ന പിതൃസ്നേഹം അറിഞ്ഞപ്പോൾ ഞാനും പറഞ്ഞു "ദൈവമേ ഞാൻ അങ്ങയുടേതാണ്" ■

**Achievements**

- Award in 2005 from Society for Research & Initiatives for Sustainable Technologies and Institutions in the field of CRAFTMANSHIP – Handed over by Padmashree Prof. Anil K. Guptha (President SRISTI)
- National Innovation Foundation Award 2007 - Handed over by Dr. A. P. J. Abdul Kalam.
- Patent in 2010 for 'Manually Controlled Operating System for Permitting Physically Challenged Persons for Controling Four Wheel Vehicles'.
- National Award for the Empowerment of Persons with Disabilities from Ministry of Social Justice & Empowerment in 2011 – Handed over by Smt. Pratibha Devisingh Patil.
- The Automotive Research Association of India (ARAI)- Research Institution of the Automotive Industry with the Ministry of Heavy Industries & Public Enterprises, Govt.of India [ARAI/HMR/CMVR-CORR/11-12/21], Issued by Ministry of Shipping, Road transport and Highways, Dept. of Road Transport and Highways, Govt.of India.
- Authorization to carry out alteration in the cars to facilitate the persons with disability to drive the same- sanction accord- orders issued [G.O (Rt)No.513/2011/Tran] by Transport(B) Department, Govt. of Kerala. More than 500 physically challenged people are beneficiaries of this 'Retro Fitment Kit' and now many of them are able to look after their family. The innovation of 'Retro Fitment Kit' made Govt to amend the rules for permitting and issuing four wheel vehicle license to handicapped people.
- CNN-IBN "First India Positive Award 2012" handed over by Shooting Champion Colonel Rajyavardhan Singh Rathore on 4th October, 2012.

ജോബി തോമസ്



# നീയർ ഡെത്ത് എക്സ്പീരിയൻസ്



പ്രശസ്ത അമേരിക്കൻ ഗ്രന്ഥകർത്താവായ ഗാരി ഹേബർമാസ് തന്റെ The case for the Resurrection of Jesus (2004) എന്ന പുസ്തകത്തിൽ മെൻവിൻ മോഴ്സ് എന്ന ശിശുരോഗവിദഗ്ധന് ഉണ്ടായ ഒരനുഭവം വിവരിക്കുന്നുണ്ട് (ഹേബർമാസും മോഴ്സും തമ്മിൽ 1994-ൽ നടന്ന സംഭാഷണത്തിന്റെ വെളിച്ചത്തിൽ). ഒമ്പതുവയസ്സുള്ള ഒരു പെൺകുട്ടി നീന്തൽക്കുളത്തിൽവച്ച് അപകടത്തിൽപെട്ടു. മൂന്നു ദിവസങ്ങൾ അവൾ തികഞ്ഞ അബോധാവസ്ഥയിൽ ആശുപത്രിയിലെ എമർജൻസി റൂമിൽ കിടന്നു. ഈ സമയത്ത് അവളുടെ തലച്ചോർ തികച്ചും പ്രവർത്തനരഹിതമായിരുന്നു എന്ന് എമർജൻസിറൂമിൽ അവളെ നോക്കിയിരുന്ന മെൽവിൻ മോഴ്സ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. താൻ അബോധാവസ്ഥയിൽ ആയിരുന്ന സമയത്ത് എമർജൻസി റൂമിൽ നടന്ന കാര്യങ്ങൾ ബോധം തിരിച്ചുവന്നപ്പോൾ അവൾ കൃത്യമായി റിപ്പോർട്ട് ചെയ്തു. ഇതിലും അതിശയിപ്പിക്കുന്ന കാര്യം, താൻ ബോധമില്ലാതെ കിടന്നസമയത്ത് ദൂരെയുള്ള തന്റെ ഭവനത്തിൽ തന്റെ പിതാവും സഹോദരനും സഹോദരിയും എന്തുചെയ്യുകയായിരുന്നുവെന്നും അവർ ധരിച്ചിരുന്ന വസ്ത്രങ്ങൾ ഏതൊക്കെയായിരുന്നു എന്നും, തന്റെ അമ്മ അടുക്കളയിൽ എന്താണ് പാകം ചെയ്തുകൊണ്ടിരുന്നതെന്നും അവൾ കൃത്യമായി പറഞ്ഞു എന്നതാണ്. കുടുംബാംഗങ്ങളുമായുള്ള സംഭാഷണത്തിൽനിന്ന് അവൾ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് മോഴ്സ് പരിശോധിച്ചുറപ്പുവരുത്തുകയും ചെയ്തു.

റ്റോഡ് ബർപ്പോ എന്ന അമേരിക്കാൻ പാസ്റ്റർ എഴുതിയ Heaven is for real (2010) എന്ന പുസ്തകത്തിന്റെ അനേകം കോപ്പികൾ വിറ്റഴിക്കപ്പെടുകയുണ്ടായി. ഒരു ഉദരശസ്ത്രക്രിയയുടെ സമയത്ത് നാലു വയസ്സുള്ള തന്റെ മകൻ കോൾട്ടണ് ഉണ്ടായ അനുഭവത്തെപ്പറ്റിയുള്ള വിവരണമാണ് പുസ്തകത്തിന്റെ കാതൽ. താൻ അബോധാവസ്ഥയിൽ ഓപ്പറേഷൻ തീയേറ്ററിനുള്ളിൽ കിടന്നിരുന്ന സമയത്ത് പുറത്തുള്ള വ്യത്യസ്ത മുറികളിൽ തന്റെ പിതാവും മാതാവും എന്തുചെയ്തുകൊണ്ടിരിക്കുകയായിരുന്നു എന്ന് ബോധം തിരിച്ചുവന്നതിനുശേഷമുള്ള ദിനങ്ങളിൽ കുട്ടി കൃത്യമായി റിപ്പോർട്ട് ചെയ്തു. Near Death Experience (NDE) എന്നപേരിലാണ് ഈ രീതിയിലുള്ള പ്രതിഭാസങ്ങൾ അറിയപ്പെടുന്നത്.

മരണം അവബോധത്തിന് ഒരു അവസാനം ഇടുന്നില്ല എന്ന് NDE നൽകുന്ന തെളിവിന്റെ വെളിച്ചത്തിൽ പ്രശസ്ത നിരീശ്വര തത്ത്വചിന്തകനായ A.J. അയ്യർ അഭിപ്രായപ്പെട്ടു. മരണാനന്തരജീവിതത്തിന് എതിരായ തന്റെ പ്രബോധനങ്ങളെ NDE നൽകുന്ന തെളിവ് ദുർബലപ്പെടുത്തുന്നു എന്ന് കഴിഞ്ഞ നൂറ്റാണ്ടിലെ മറ്റൊരു പ്രശസ്ത നിരീശ്വര തത്ത്വചിന്തകനും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും ആയിരുന്ന ആന്റണി ഫ്ളൂവും അഭിപ്രായപ്പെട്ടു.

അബോധാവസ്ഥയിലോ, ശരീരത്തിൽ ജീവനില്ലാത്ത അവസ്ഥയിലോ കഴിയുന്ന ഒരാൾക്ക് എങ്ങനെയാണ് ദൂരെയുള്ള സ്ഥലത്ത് നടക്കുന്ന കാര്യങ്ങൾ അറിയാൻ സാധിക്കുന്നത്? ഇതാണ് ഏറ്റവും തൃപ്തികരമായ വിശദീകരണം: 'മനുഷ്യന് ശരീരത്തിനു പുറമേ ഒരു ആത്മാവും കൂടിയുണ്ട്; ശരീരത്തിൽ നിന്ന് വേർപെട്ടാലും ഭൗതികവസ്തുക്കളെ കാണുന്നതിനും ഗ്രഹിക്കുന്നതിനും ഓർമിക്കുന്നതിനും ചിന്തിക്കുന്നതിനും ഈ ആത്മാവിനു കഴിയും'. മനുഷ്യന്റെ ആത്മാവ് എങ്ങനെ രൂപംകൊണ്ടുവെന്നു വിശദീകരിക്കാൻ പരിണാമവാദം തികച്ചും അശക്തമാണ് ■



## കവർസ്റ്റോറി

അനിത ബാബു



# ഹൃദയഭരണികളിൽ

തന്റെ മുപ്പതാമത്തെ വയസ്സിനിടെ 44-ഓളം രാജ്യങ്ങളിൽ സഞ്ചരിച്ച് യുവജനങ്ങളെ ആവേശം കൊള്ളിക്കുന്ന Motivational Speaker. തന്റെ പ്രസംഗം കേൾക്കുന്ന യുവജനങ്ങളെ വിശ്വാസത്തിൽ ഉറച്ചവരും, ദൈവത്തെയും തന്നെത്തന്നെയും സ്നേഹിക്കുന്നവരുമായി ഉടച്ചുവാർക്കുന്ന സ്വർണനാവിന്റെ ഉടമ. തിളങ്ങുന്ന കണ്ണുകളും മനോഹരമായ പുഞ്ചിരിയും ഉള്ളവൻ. സുന്ദരിയായ ഭാര്യയുടെയും ഓമനത്തമുള്ള കുഞ്ഞിന്റെയും കൂടെ സംതൃപ്തജീവിതം നയിക്കുന്ന ഉത്തമകുടുംബനാഥൻ. ഇതൊക്കെയാണ് Nick Vyujicick (നിക്ക് വോയിഷിഷ്) ഇന്ന്. പക്ഷേ, വർഷങ്ങൾക്കുമുമ്പ്; മാതാപിതാക്കളെ ഞെട്ടിച്ചുകൊണ്ടാണ് അവൻ ഭൂജാതനായത്. കൈകാലുകളില്ലാതെ തീർത്തും നിസ്സഹായനായി തന്നെ എന്തിനിങ്ങനെ സൃഷ്ടിച്ചുവെന്ന് അവൻ ദൈവത്തോട് പലവുരു ചോദിച്ചു. ഒരത്ഭുതത്തിലൂടെ ദൈവം തനിക്ക് കൈകാലുകൾ തരുമെന്ന് അവൻ തീവ്രമായി ആഗ്രഹിച്ചു. നടക്കാതെവന്നപ്പോൾ അവിടുത്തെ വെറുത്തു. കഠിനമായ മാനസികസമ്മർദം അവനെ തളർത്തി. ആർക്കും മുഖംകൊടുക്കാതെ ആരോടും സംസാരിക്കാതെ അന്തർമുഖനായി ഒതുങ്ങി. സ്വയം അംഗീകരിക്കാനാവാതെ ബാത്ത്ടബ്ബിൽ മുങ്ങിമരിക്കാൻ ശ്രമം നടത്തി. അവന് ഇങ്ങനെയൊക്കെയേ ആകാനാവൂ എന്ന് മാതാപിതാക്കളുൾപ്പെടെ എല്ലാവരും വിശ്വസിച്ചു.

പക്ഷേ, തന്റെ 17-ാമത്തെ വയസ്സിൽ നിക്ക് തന്റെ ജീവിതത്തിന്റെ കടിഞ്ഞാൺ ദൈവത്തെ ഏൽപിച്ചു. തന്നെപ്പോലെ താൻ മാത്രമേ ഉള്ളൂ എന്നും തന്റെ ജനനം ദൈവികപദ്ധതിയുടെ ഭാഗമാണെന്നും മനസ്സിലാക്കിയ നിക്ക് ഇന്ന് ലോകത്തിലെ ഏറ്റവും സന്തോഷവാനായ മനുഷ്യനാണ്. ദൈവം നമ്മെ സ്നേഹിക്കുകയും അംഗീകരിക്കു

# നിറയേണ്ട പുതുവീഞ്ഞ്



കയും ചെയ്യുന്നതുപോലെ സ്വയം ചെയ്യാനാവുമെങ്കിൽ ആ സ്നേഹം മറ്റുള്ളവരിലേക്കും വ്യാപിക്കും.

എന്നാൽ യുവജനങ്ങളുടെ ഇന്നത്തെ ഏറ്റവും വലിയ വെല്ലുവിളി സ്വയം അംഗീകരിക്കുക എന്നതാണ്. നമുക്കു ചുറ്റുമുള്ളതെല്ലാം ഒരു മാറ്റത്തിനായി നമ്മെ സമ്മർദത്തിലാക്കുന്നു. വെളുക്കുവാനും, മെലിയുവാനും, മുടി ചുരുട്ടുവാനും, നീട്ടുവാനും, കൺപീലിയും നഖവും വച്ചുപിടിപ്പിക്കുവാനും ഒക്കെയുള്ള പ്രലോഭനങ്ങളാണ് ചുറ്റും. അപ്പോൾ ഞാൻ കാണുന്നത് എന്റെ കുറവുകൾമാത്രം. ഇല്ലായ്മകളും, വല്ലായ്മകളും പരാതിയും പരിഭവവുമായി പ്രവൃത്തിയിൽ നിറയുന്നു. ചെയ്യേണ്ട നന്മകൾ ചെയ്യാതിരിക്കാൻ എന്റെ അപകർഷത കാരണങ്ങൾ നിരത്തുന്നു. കുഴിച്ചിട്ട താലന്തുകൾ മറവിയുടെ മൺപുതപ്പിനടിയിലുറങ്ങുന്നു. ഉണർന്നു പ്രശോഭിക്കുവാനാണ് എന്റെ വിളി. പക്ഷേ, ഭയന്ന് അസ്തമിക്കുവാനാണ് എന്റെ വിധി എന്നു ഞാനുറപ്പിക്കുന്നു. തെരഞ്ഞെടുക്കുവാനുള്ള എന്റെ സ്വാതന്ത്ര്യത്തെ ഞാൻ അടിയറവച്ച് ഒഴുകിയടിയുന്ന തീരമേതെന്ന് കാത്തിരിക്കുന്നു.

സ്വയം സ്നേഹിക്കുന്നത് ഒരിക്കലും അനഭിമതമല്ല. അതിന് തികച്ചും ഒരു ആധ്യാത്മികതലമുണ്ട്. “നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക” എന്ന കല്പനയിൽ ഒരാൾ അവനെത്തന്നെ പൂർണമായും സ്നേഹിക്കുവാനും വിധിക്കാതെയും കുറ്റമാരോപിക്കാതെയും അംഗീകരിക്കുവാനുമുള്ള ദൈവികകാഴ്ചപ്പാട് അടങ്ങിയിരിക്കുന്നു.

ദൈവത്തിന്റെ കണ്ണിലൂടെ എനിക്ക് എന്നെത്തന്നെ കാണാൻ എന്നു സാധിക്കും? Prayer is contemplating life from the prospective of God എന്ന ചിന്ത ഇവിടെ പ്രസക്തമാ

കുന്നു. ദൈവപുത്രന്റെ ഹൃദയരക്തമാണ് എന്റെ വില. അവന്റെ സഹനത്തിന്റെ ആഴമാണ് എന്റെ മൂല്യത്തിന്റെ അളവ്. അവന്റെ വിധിക്കാത്ത സ്നേഹമാണ് എന്റെ നിരുപാധികമായ സ്വയാംഗീകാരത്തിന്റെ മാനദണ്ഡം. നീയെനിക്ക് ബഹുമാന്യനും പ്രിയങ്കരനും അമൂല്യനും; പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെ സ്വീകരിച്ചവൻ; സ്വർഗത്തിന്റെ സഹപൗരൻ, എന്തെല്ലാമാണ് അവിടുന്ന് എനിക്ക് ചാർത്തി തരുന്ന വിശേഷണങ്ങൾ. വഴിതെറ്റിയാൽ 99-നെയും വിട്ട് തേടി വരും എനിക്കുവേണ്ടി. എന്റെ തിരിച്ചുവരവ് സ്വർഗത്തിൽ സന്തോഷമുണ്ടാക്കുമത്രേ. അവിടുത്തെ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്ന എന്റെ വില-അതു തിരിച്ചറിയണമെങ്കിൽ ഞാൻ എന്നെത്തന്നെ കാണണം; ദൈവത്തിന്റെ കണ്ണുകളിലൂടെ.



Illustration courtesy: keralawriters.blogspot.in

സ്വയം ദൈവത്തിന്റെ മനോഹരസൃഷ്ടിയായി അംഗീകരിച്ച് ദൈവേഷ്ടം അന്വേഷിച്ചറിഞ്ഞും അനുസരിച്ചും ജീവിക്കുന്ന ഒട്ടേറെ മനുഷ്യർ നമ്മുടെ ഇടയിലുണ്ട്. 'പൊക്കമില്ലായ്മയാണ് എന്റെ പൊക്കം' എന്നു പറഞ്ഞ് കുറിയ കവിതകളെഴുതിയ ഒരു 'വലിയ മനുഷ്യൻ' ഇവിടെയുണ്ടായിരുന്നു. സ്വയം അംഗീകരിക്കുന്ന വ്യക്തികളെ നമുക്കു മാതൃകയാക്കാം.

1. ആന്തരിക സ്വാതന്ത്ര്യവും ആത്മവിശ്വാസവും ഏറെയുണ്ട് ഇക്കൂട്ടർക്ക്. സൗന്ദര്യവും കഴിവുകളും ഇതിന്റെ മാനദണ്ഡമല്ല.

2. തെറ്റുകളും വീഴ്ചകളും തിരുത്താവുന്നതാണെന്ന് ഇവർ വിശ്വസിക്കുന്നു. പരാജയത്തെ അവർ ഭയക്കുന്നില്ല. അത് ഒന്നിന്റെയും അവസാനമല്ലല്ലോ.

3. ഇന്നലെകളെക്കുറിച്ച് വ്യാകുലരാകാതെയും നാളെയെക്കുറിച്ച് ആശങ്കപ്പെടാതെയും അവർ ഇന്ന് ജീവിക്കുന്നു. (They live in the present).

4. അവർ അനാവശ്യമായി വിധിക്കാറില്ല. കുറ്റംപറയുന്നവർ അവനവന്റെ കുറവുകളല്ലേ മറയ്ക്കാൻ ശ്രമിക്കുന്നത്.

5. ദൈവത്തിൽ വിശ്വസിക്കുകയും പ്രാർഥനയിൽ ആത്മവിശ്വാസം കണ്ടെത്തുകയും ചെയ്യുന്നു ഇക്കൂട്ടർ.

സ്വന്തം വ്യക്തിത്വത്തെയും ജീവിതസാഹചര്യങ്ങളെയും ദൈവകരങ്ങളിൽനിന്നുസ്വീകരിച്ചവരെപ്പോലെ എന്റെ കുറവുകൾ അവന്റെ കൃപയൊഴുകുന്ന വഴികളാണെന്ന് ഞാനെന്നാണ് തിരിച്ചറിയുക? ദൈവേഷ്ടത്തോട് ഐക്യപ്പെടുക എന്നതാണ് എന്റെ ജീവിതത്തിന്റെ ഔന്നത്യം എന്ന് ഞാൻ എന്നാണ് മനസിലാക്കുക? ഞാൻ ഒന്നേ ചെയ്യേണ്ടതുള്ളൂ; അവന്റെ ശക്തമായ കരത്തിൻകീഴെ താഴ്മയോടെ നിൽക്കുക. വിജയി ആകുവാനല്ല (ലോകദൃഷ്ടിയിൽ) മറിച്ച് വിശ്വസ്തനാകാനാണ് അവൻ എന്നെ വിളിച്ചിരിക്കുന്നത്. ദൈവം മുൻകൂട്ടി ആഗ്രഹിച്ചിരിക്കുന്ന സത്പ്രവൃത്തികൾ ചെയ്യാൻ യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ് നാം. ഈ അറിവ് ഉൾക്കാഴ്ചയായി നമ്മിൽ നിറയുമ്പോൾ ജീവിതം നുരഞ്ഞുപൊങ്ങുന്ന പുതുവീഞ്ഞായി ഹൃദയഭരണികളിൽ നിറയും. അപ്പോൾ എന്റെ പ്രവൃത്തി അവന്റേതായി മാറും. ഞാൻ അവനെ എന്റെ 'കർത്താവ്' എന്ന് വിളിക്കുകയും ചെയ്യും ■



Mother and child-1902 by Pablo Picasso

# അമ്മ മനസ്സുകൾക്ക്

## അനുഭവം



ഗിഫ്റ്റി ജോയ്

ജീവന്റെ ആദ്യസ്പന്ദനം തൊട്ടറിയുന്നതു മുതൽ വളർച്ചയുടെ നാഴികക്കല്ലുകൾ പിന്നിട്ട് തിരികെ ദൈവപിതാവിലേക്കുള്ള മടക്കയാത്രവരെ നമ്മെ പിന്തുടരുന്നതാണ് മാതൃവാത്സല്യം. കാത്തിരിപ്പിന്റെ സുഖവും സഹനത്തിന്റെ സമസ്യകളും പങ്കുവയ്പിന്റെ മാധുര്യവും കരുതലിന്റെ കാവ്യവുമെല്ലാം 'അമ്മ'യെന്ന നിത്യസത്യത്തിലുണ്ട്.

ആദ്യമായി കുരിശുവരയ്ക്കാൻ പഠിപ്പിച്ചതും 'ഈശോ'യെന്നുച്ചരിപ്പിച്ചതും ആദ്യം ജപമാല കഴുത്തിലണിയിച്ചതും അമ്മയല്ലേ...? കുട്ടിക്കുപ്പായത്തിന്റെ കൗതുകങ്ങളറിയിച്ചതും പൊതിച്ചോറിന്റെ രുചിയറിയിപ്പിച്ചതും വികൃതിത്തരങ്ങളുടെ കുടുക്ക പൊട്ടിച്ചതും അവൾതന്നെ. കുപ്പിവളകൾക്ക് സൗന്ദര്യമുണ്ടെന്നും തെറ്റുകൾക്ക് മാപ്പുണ്ടെന്നും മഴമേഘത്തിനപ്പുറം മഴവില്ലുണ്ടെന്നും പറഞ്ഞു തന്ന അമ്മ...

ഓർമകളിൽ അമ്മയെന്ന യാഥാർഥ്യം അത്ഭുതവും നാൾവഴികളിൽ മുമ്പോട്ട് നടക്കാനുള്ള ധൈര്യവുമാണ്. ലേബർറൂമിൽ സ്റ്റാഫ് നഴ്സായിജോലിചെയ്തിരുന്നപ്പോൾകുഞ്ഞിന് ആദ്യ ചുംബനം കൊടുക്കുമ്പോഴുള്ള അമ്മമാരുടെ വാത്സല്യം പലപ്പോഴും എന്നെ കോരിത്തരിപ്പിച്ചിട്ടുണ്ട്. ദൈവം തരുന്നത്രയും കുഞ്ഞുങ്ങളെ സ്വീകരിക്കേണ്ട ഗർഭപാത്രത്തെ കുരുതിക്കളമാക്കുന്നവരെക്കണ്ട് കരഞ്ഞിട്ടുമുണ്ട്.

കഴിവില്ലെങ്കിലും ചന്തമില്ലെങ്കിലും അമ്മയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞ് തന്നെ. പാഴ്മുളം തണ്ടിൽ സംഗീതം സൃഷ്ടിക്കുവാൻ അമ്മയുടെ പ്രോൽസാഹനത്തിനാകും. ചേറിൽ നിന്ന് മാണിക്യക്കല്ലുകണ്ടെത്തുവാൻ മാതൃത്വത്തിന് അത്ഭുതശക്തിയുണ്ട്. അന്ധനായ കുഞ്ഞിന്റെ കണ്ണാവുന്ന അമ്മയെയും തളർവാതരോഗിയായ കുഞ്ഞിന്റെ ചലനമാകുന്ന അമ്മയെയും ഡോളറിന് പിറകേ പാഞ്ഞ് കുഞ്ഞിന് കുപ്പിപ്പാലിന്റെ രുചിയറിയിക്കുന്നവർ മനസ്സിലാക്കിയിരുന്നെങ്കിൽ...

തിരുസഭയ്ക്ക് വി. അഗസ്റ്റിനെ സമ്മാനിച്ച മോനിക്ക പുണ്യവതിയിലെ അമ്മ യുവതലമുറയ്ക്ക് മാതൃകയാണ്. ജീവന്റെ സ്പന്ദനം ഉദരത്തിൽ വഹിക്കുമ്പോൾ അവൾ പ്രാർഥിച്ചൊരുങ്ങണം. വിശുദ്ധരായ കുഞ്ഞുങ്ങൾ സഭയ്ക്കും രാഷ്ട്രത്തിനും മുതൽക്കൂട്ടാണ്.

എന്റെ ഏറ്റവും അടുത്ത കൂട്ടുകാരി ആയിരുന്ന അമ്മ എന്റെ കൂട്ടുകാർക്കും അവരുടെ സുഹൃത്തായിരുന്നു. ശാസനകൾക്കും തിരുത്തലുകൾക്കും സ്നേഹത്തിന്റെ സുഗന്ധമുണ്ടെന്ന് അമ്മ പഠിപ്പിച്ചു. ഇന്ന് ഈശോയുടെ അടുക്കൽ വിശ്രമിക്കുന്ന എന്റെ അമ്മ ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്ന അദൃശ്യസാന്നിധ്യമാണ്.

യഥാർഥ മാതൃത്വത്തിന്റെ പൂർണത പരിശുദ്ധ അമ്മയിൽ നാം കാണുന്നു. അമ്മയുടെ മരണശേഷം പരിശുദ്ധ അമ്മയിലെ മാതൃശക്തി എന്റെ വഴിത്താരയിലെ വെളിച്ചമാണ്. ഇരുളടഞ്ഞേക്കുമെന്ന് നാം ഭയപ്പെടുന്ന വാതായനങ്ങളിലേക്ക് പരി. അമ്മയെ ക്ഷണിക്കുക. അവൾ ബലമുള്ള കോട്ടയും ഉറപ്പുള്ള പരിചയുമാണ്.

അതേ!! പനി വരുമ്പോഴും ഇടിമുഴങ്ങുമ്പോഴും വീഴാനായുമ്പോഴും മാത്രമല്ല നിന്റെ ഓരോ ശ്വാസനിശ്വാസങ്ങളിലും ആ കൈയൊപ്പിന് സ്ഥാനമുണ്ട്.

നമുക്ക് പ്രാർഥിക്കാം...

സ്വർഗത്തിലുള്ള എന്റെ അമ്മേ... ഭൂമിയിലുള്ള ഞങ്ങളുടെ അമ്മമാരെ കാത്തുകൊള്ളണമേ... ■



കവർസ്റ്റോറി

ശശി ഇമ്മാനുവേൽ

# സൗന്ദര്യവും വൈരൂപ്യവും

സൗന്ദര്യവും വൈരൂപ്യവും ദീർഘകാലത്തിനുശേഷം പരസ്പരം കണ്ടുമുട്ടി. വിശേഷങ്ങളൊക്കെപറഞ്ഞ് ഒരു ബീച്ചിലൂടെ കുറേ നടന്നപ്പോൾ, അവർ തീരുമാനിച്ചു ഒന്നിറങ്ങി ആഘോഷമായി കുളിക്കാം. ഒടുവിൽ ചാടിത്തിമിർത്ത് കുളിച്ചുകൊണ്ടിരിക്കേ ആരുമറിയാതെ കരയ്ക്കു കയറിയ 'വൈരൂപ്യം' പാവം 'സൗന്ദര്യ'ത്തിന്റെ ഉടുപ്പുകൾ മോഷ്ടിച്ചുകൊണ്ടു കടന്നുകളഞ്ഞു. ഒന്നുമറിയാത കുളിച്ചുകയറിയ സൗന്ദര്യം തന്റെ വസ്ത്രങ്ങൾ മോഷ്ടിക്കപ്പെട്ടതറിഞ്ഞ് സങ്കടപ്പെട്ടു, ഒടുവിൽ വൈരൂപ്യത്തിന്റെ മങ്ങിയ വസ്ത്രങ്ങൾ കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. അന്നുമുതൽക്കാണത്രേ ആളുകൾ സൗന്ദര്യത്തേയും വൈരൂപ്യത്തേയും തെറ്റിദ്ധരിക്കാൻ തുടങ്ങിയത്. സൗന്ദര്യത്തിന്റെ വസ്ത്രങ്ങൾ മോഷ്ടിച്ച വൈരൂപ്യത്തെ വിവേകശൂന്യർ അന്ധമായി ആശ്ലേഷിച്ചപ്പോൾ യഥാർഥ ജ്ഞാനികൾ വൈരൂപ്യത്തിന്റെ മങ്ങിയ വസ്ത്രങ്ങൾക്കിടയിലും യഥാർഥ സൗന്ദര്യത്തെ തിരിച്ചറിയുന്നു (കഥാബീജം- ഖലീൽ ജിബ്രാൻ)

പഴയ ഒരു ഫെയർനസ് ക്രീമിന്റെ പരസ്യം ഇപ്രകാരമായിരുന്നു. എല്ലാറ്റിനും I don't care എന്നുമാത്രം മറുപടി പറയുന്ന ഒരു സുന്ദരിപ്പെണ്ണ്. പരീക്ഷയിൽ തോറ്റതിനും, ജീവിതത്തിലെ തെറ്റുകൾക്കും അവളുടെ മറുപടി I don't care തന്നെ (നമ്മുടെ ന്യൂ ജനറേഷൻ മറുപടി). ഒടുവിൽ നിന്റെ മുഖത്ത് മുഖക്കുരു ഉണ്ടല്ലോ എന്ന ചോദ്യത്തിനുമുമ്പിൽ കക്ഷി ഫ്ളാറ്റായി, പിന്നെ പരിഹാരം തിരയുന്നു. ഒടുവിൽ ഈ ക്രീം വാങ്ങി 'രക്ഷ പ്രാപിക്കുന്നു' ഖലീൽ ജിബ്രാന്റെ കഥയുടെ പ്രസക്തി വളരെ കൂടിയ ഒരു കാലഘട്ടത്തിലാണ് നമ്മൾ. ആധുനിക ഉപഭോഗസംസ്കാരത്തിന്റെ മുഖമുദ്ര നിങ്ങൾക്ക് ചിലതൊന്നുമില്ലാത്തതിനാൽ ചില കുറവുകളുണ്ട് എന്ന് ബോധ്യപ്പെടുത്തി, ആവശ്യമില്ലാത്തവ വാങ്ങിച്ചുകൂട്ടാൻ ഒരുവനെ നിർബന്ധിതനാക്കുക എന്നതാണ്. നോക്കൂ 'പ്രായം തോന്നുകയേയില്ല' എന്ന സോപ്പുസുന്ദരിയുടെ പ്രസ്താവനയും, കൊഴുപ്പടിഞ്ഞ വയറിനുമുകളിൽ കുറച്ച് എണ്ണ തേച്ചാൽ താനെ 'സ്ലിം ബ്യൂട്ടി'യായിക്കൊള്ളും എന്ന പ്രലോഭനവും, മുഖത്തെ കറുത്തപാടുകൾ മാറിയതിന് തെളിവുമായി പ്രശസ്ത താരങ്ങൾ അണിനിരന്ന് വില കൂടിയ ക്രീം വാങ്ങാൻ ദരിദ്രനാരായണന്മാർക്ക് പ്രചോദനമേകുന്നതും കച്ചവടസംസ്കാരത്തിന്റെ പുത്തൻ ഇരകൾക്കുവേണ്ടിയുള്ള വല വിരിക്കലുകളാണ്. സോളാർപാനൽ തട്ടിപ്പിനിരയായവർക്ക് നഷ്ടപ്പെട്ടത് പത്തു കോടിയാണെങ്കിൽ, ഇത്തരം 'ദുര'കൾ വിഴുങ്ങിയത് സാധാരണക്കാരന്റെ പതിനായിരം കോടികളാണ്.


യുവത്വവും ആന്തരികതയും – സ്വത്വപ്രതിസന്ധി (Identity cricis) രൂക്ഷമായി അനുഭവപ്പെടുന്ന യൗവനത്തിന്റെ നിറത്തിന്റെയും, രൂപത്തിന്റെയും പേരിൽ അപകർഷചിന്തകൾ അസ്വസ്ഥമാക്കുന്നത് നമ്മുടെ ചെറുപ്പക്കാരുടെ മനസ്സിനെയാണ് (ഇതിലൊന്നും യാതൊരു കാര്യവുമില്ലെന്ന് ഭാര്യയും കുഞ്ഞുങ്ങളും പ്രാരാബ്ദവുമൊക്കെയായി കഴിയുന്നവർ തിരിച്ചറിയുന്നതിനാൽ ഇരകൾ പ്രക്ഷുബ്ദയൗവനക്കാർ തന്നെ!) ദൈവവും, ആത്മീയതയും പഴഞ്ചരക്കാണെന്നും സംതൃപ്തി ബാഹ്യലോകത്തിലാണെന്നുമുള്ള ഇത്തരം അരാജകവാദികളായ ബുദ്ധിജീവി പ്രവാചകരുടെ പഠനത്തിൽ സ്വന്തം ആന്തരികത കൈമോശം വന്ന 'ന്യൂ ജനറേഷൻ യുവത്വം' നിപതിക്കുന്നു. പിന്നെ അസംതൃപ്തിയുടെയും, ആർത്തിയുടെയും കരകാണാക്കടലിൽ അലഞ്ഞ് വഴിപിഴച്ച ബന്ധങ്ങളിലും, ലൈംഗികഅരാജകത്വത്തിലും പൈശാചികാധിപത്യത്തിലും നമ്മുടെ സംഖ്യാതീതമായ യുവജനങ്ങൾ അകപ്പെടുന്നു. പിന്നിയ മുടിയോ സ്വർണ്ണാഭരണമോ വിശേഷവസ്തുക്കളോ അല്ല അലങ്കാരങ്ങൾ, പിന്നെയോ ദൈവസന്നിധിയിൽ വിശിഷ്ടമായ സൗമ്യവും, ശാന്തവുമായ ആത്മാവാകുന്ന അനശ്വരരത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വമാണെന്ന് ഒരു പക്ഷേ, പഴയകാലത്തെ ഒരു ലോകയുവജന സമ്മേളനത്തിൽ ആദ്യമാർപാപ്പ പറഞ്ഞത് ഇത്തരം വഞ്ചനനിറഞ്ഞ കാലഘട്ടങ്ങളെ മുമ്പിൽ കണ്ടിട്ടാവണം (Ref. 1 Pet. 3:34) ദൈവം മാത്രം സംതൃപ്തി നൽകുന്നു (God Alone Satisfies) എന്ന തോമസ് അക്വിനാസിന്റെ വാക്കുകൾ ഓർമിക്കണം, സ്വന്തം ആന്തരികതയുടെ തനിമയും, കരുത്തും തിരിച്ചറിയുമ്പോൾ കൃത്രിമസൗന്ദര്യത്തിന്റെ ബാ

ഹ്യലോകത്തെ പ്രലോഭനങ്ങളിൽ നിന്നും ഒരു കൈയകലം സൂക്ഷിക്കാനാകുന്നു. എ.പി. ജെ. അബ്ദുൾ കലാമിന്റെ ഈ വാക്കുകൾ ഓരോ മനുഷ്യനിലുമുള്ള ദൈവികതയെ ഓർമിപ്പിക്കുന്നു. "ദിവ്യമായ ഒരു അഗ്നിജ്വാലയും ഹൃദയത്തിൽ പേറിക്കൊണ്ടാണ് നാമോരോരുത്തരും പിറന്നുവീണത്. ഈ അഗ്നിക്ക് ചിറകുകൾ നൽകാനും അതിന്റെ ധവളിമ കൊണ്ട് ലോകം മുഴുവനേയും നിറയ്ക്കാനും ആയിരിക്കണം നമ്മുടെ ഓരോ പ്രയത്നവും". ഈ ദിവ്യമായ അഗ്നിജ്വാല ദൈവം കൊളുത്തിവച്ചതാണ്. ഓർമയില്ലേ, ആ പഴയ ഗാനം 'എന്നിലുറങ്ങുന്ന ഞാനെന്ന പൊരുളിനെ പുറമേ തിരയുന്നു ഞാൻ' Man you know they self എന്ന് ഡൽഫി ക്ഷേത്രത്തിന്റെ (പൗരാണികഗ്രീസിൽ) ചുമരിലെഴുതി വച്ചിരുന്നത്രേ. അതേ, അറിയണം നിന്നിലുറങ്ങുന്ന ആന്തരികവ്യക്തിത്വത്തിന്റെ സാധ്യതകളെ, പിന്നെ എന്തിന് identity cricis.

മദർ തെരേസയും വിശ്വസുന്ദരിയും - ഒരു പഴയ ചിത്രവുമായാണ് അധ്യാപകൻ അന്നു ക്ലാസ്സിലെത്തിയത്. ചുക്കിച്ചുളിഞ്ഞ ഒരു വൃദ്ധകന്യാസ്ത്രീ ആ വർഷത്തെ വിശ്വസുന്ദരിയുമായി സംസാരിക്കുന്ന ഒരു പത്രത്തിൽ വന്ന ചിത്രം. ഇവരിൽ ആർക്കാണ് കൂടുതൽ സൗന്ദര്യമെന്ന ചോദ്യത്തിന് കുട്ടികൾ ഒറ്റക്കെട്ടായി പറയുന്ന മറുപടി ആ വൃദ്ധകന്യാസ്ത്രീക്കെന്നായിരുന്നു. തുളുമ്പുന്ന യൗവനത്തിന്റെ പളപളപ്പിൽ ആ യുവസുന്ദരി സ്വന്തം ആന്തരികവിശുദ്ധിയിൽ ലോകത്തെ വിസ്മയിപ്പിച്ച മദർതെരേസയുടെ മുമ്പിൽ ഒന്നുമല്ലാതാവുകയായിരുന്നു. ഇതൊരു തിരിച്ചറിവാണ്. ആരോ പറഞ്ഞു സൗന്ദര്യത്തിന് ചിത്രശലഭത്തിന്റെ ആയുസ്സേയുള്ളൂവെന്ന്. പിന്നെയെന്തിന് നിറത്തെ ചൊല്ലിയും, ഉയരത്തെ ചൊല്ലിയും ഒരുവൻ വ്യാകുലപ്പെടണം. മറിച്ച് ഉള്ളിൽ കൈമോശം വന്ന മനസ്സിന്റെ വിശുദ്ധിയായിരിക്കണം നിന്നെ അസ്വസ്ഥപ്പെടുത്തേണ്ടത്. സിനിമയും മാധ്യമങ്ങളും ഒരു കച്ചവടസ്ഥലമാണെന്നും അതിനെ നയിക്കുന്നതും, നിയന്ത്രിക്കുന്നതും ധാർമികതയല്ല പണമാണെന്നും നമ്മളറിയണം. പണമൊഴുക്കിന്റെ അത്തരം കൃത്രിമലോകങ്ങളെ (സീരിയൽ, പരസ്യം, സിനിമ) ജീവിതത്തിലേക്ക് ആവാഹിക്കാൻ ശ്രമിച്ചാൽ ദുരന്തമായിരിക്കും ഫലം. ഭാര്യയും ഭർത്താവുമൊക്കെ കാത്തുസൂക്ഷിക്കേണ്ട ചില മൂല്യങ്ങൾ മറന്ന് പ്രശസ്തിക്കും പണത്തിനുമായി മാധ്യമങ്ങൾക്കുമുമ്പിൽ ആടിപ്പാടുമ്പോൾ വളർന്നുവരുന്ന ഒരു തലമുറയോട് കാണിക്കുന്ന വലിയ ക്രൂരത തന്നെയായിരിക്കും അത്. നാണിച്ചുശിരസ്സു താഴ്ന്നുപോകുന്ന ആഭാസച്ചുവടുമായി സ്വന്തം പത്തുവയസ്സുകാരി മകൾ അഴിഞ്ഞാടുമ്പോൾ കൈയടിക്കാനും ജഡ്ജസ്സിന്റെ തിരുമൊഴിക്കനുസൃതം അടുത്തറൗണ്ടിൽ തുള്ളിക്കളിപ്പിക്കാനും മാതാപിതാക്കൾ നെട്ടോട്ടമോടുമ്പോൾ എവിടെയോ നമ്മുടെ സംസ്കാരത്തിനു അർബുദം ബാധിച്ചു തുടങ്ങിയിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. ജോൺ പോൾ രണ്ടാമന്റെ വാക്കുകൾ ധ്യാനിക്കണം 'നമ്മുടെ കാലഘട്ടം നമ്മിൽ നിന്ന് വിവേകം ആവശ്യപ്പെടുന്നു'.

**വാൽക്കഷണം:-**

ആർക്കും വേണ്ടാത്ത പഴയ ഒരു വയലിൻ ആക്രിക്കച്ചവടക്കാരനിൽനിന്നും അയാൾ ചെറിയ വിലക്കുവാങ്ങി, ആ ബീച്ചിൽ മാറിയിരുന്നു അത് തുടച്ചുമിനുക്കി, കമ്പിയൊക്കെ മാറ്റി ഒരു മനോഹരമായ ഗാനം വായിച്ചു. ജനം തടിച്ചുകൂടി, വീണ്ടും വീണ്ടും അയാൾ ഗാനങ്ങൾ വായിച്ചപ്പോൾ ആ 'വയലിനാ'യി ജനങ്ങൾ ലേലമിടാൻ തുടങ്ങി, ഒടുവിൽ ഒരു ഭാരിച്ച തുകയിൽ ലേലം ചെന്നെത്തി. ഓടിയെത്തിയ പഴയ ആക്രിക്കച്ചവടക്കാരനു സംശയം, ഒരുവിലയുമില്ലാതെ എന്റെ കൈയിലിരുന്ന വയലിനു ഇത്രവില കയറിയതെങ്ങനെ? ഒരൊറ്റ ഉത്തരം മാത്രം - The touch of the masters hand has changed it. മനസ്സിലായില്ലേ, ദൈവം തൊട്ട മനുഷ്യനാകണം സുഹൃത്തേ, അപ്പോൾ നിന്റെ മഹത്വം വലുതായിരിക്കും ■



## കവർസ്റ്റോറി

ജോജു ജോസഫ്, നെടുങ്കണ്ടം

# ദൈവത്തെ സ്തുതിക്കാൻ വല്ലതുമുണ്ടോ കൈയിൽ?

ദൈവത്തെ സ്തുതിക്കുക എന്നു പറഞ്ഞാൽ എന്താണ് നാം മനസ്സിലാക്കുക? ഓരോ വാക്കിലും ഒരു ലോകം ഉണ്ട്. ദൈവം തന്ന അനുഗ്രഹങ്ങൾ ഓർമിക്കുക അപ്പോഴാണ് ദൈവത്തിന്റെ മഹത്വം നമുക്ക് മനസ്സിലാവുക. കൈകൾ ഉയർത്തി ദൈവമേ നന്ദി, ദൈവമേ സ്തുതി എന്നൊക്കെ പറഞ്ഞാൽ അത് ദൈവത്തെ മഹത്വപ്പെടുത്തലാകണമെന്ന് നിർബന്ധം ഇല്ല. വാക്കുകളിൽ ചിലപ്പോൾ ആത്മാർഥത കാണില്ല. മറ്റുള്ളവരെ കാണിക്കാനോ, നിർബന്ധത്തിന് വഴങ്ങിയോ ഒക്കെ ആകാം സ്തുതിക്കുക. ശരീരംകൊണ്ടും, മനസ്സുകൊണ്ടും, ആത്മാവിലൂടെയും ദൈവത്തെ സ്തുതിക്കുക.

നമുക്ക് ബഹുമാനം തോന്നുന്ന, വലിയവൻ എന്ന് കരുതുന്ന ഒരാളെ പുകഴ്ത്താൻ വലിയ ബുദ്ധിമുട്ടൊന്നും ഇല്ല. എല്ലാം അറിയുന്ന സർവശക്തനായ, എല്ലാത്തിന്റെയും ഉടയവനായ ദൈവത്തെ നമുക്ക് സ്തുതിക്കാനാവാത്തത് എന്തുകൊണ്ടാണെന്ന് ചിന്തിച്ചിട്ടുണ്ടോ? ദൈവസാന്നിധ്യത്തെക്കുറിച്ചും, ദൈവമഹത്വത്തെക്കുറിച്ചും ഉള്ള അജ്ഞതയല്ലേ അതിനു കാരണം. നമ്മുടെ ഓർമകളിൽ നിറഞ്ഞിരിക്കുന്ന വസ്തുതകൾ എന്താണ്? ഇല്ലായ്മയെക്കുറിച്ചും, നൊമ്പരങ്ങളെക്കുറിച്ചുമുള്ള ചിന്തകളാണോ? എങ്കിൽ സ്വയം മനസ്സിലാക്കുക. ദൈവാനുഗ്രഹങ്ങൾ ഓർമിക്കാനുള്ള ഒരു കാഴ്ച എനിക്കില്ല. അങ്ങനെ ഒരു ചിന്താരീതി എന്നിൽ രൂപപ്പെട്ടിട്ടില്ല. എങ്കിൽ ഞാൻ എന്നോടുതന്നെ വലിയൊരു ഏറ്റുമുട്ടൽ നടത്തേണ്ടിവരും. രൂഢമൂലമായ ശീലങ്ങൾ മാറ്റുക എളുപ്പമല്ല. നമ്മുടെ ചിന്താധാരകൾ വളരെ ശക്തമാണ്. ചിന്താരീതികൾ മാറ്റാൻ എളുപ്പമല്ലാത്തവിധം നമ്മിൽ അലിഞ്ഞിരിക്കുന്നു. ദൈവകൃപയില്ലാതെ മാറ്റുക എളുപ്പമല്ല, അസാധ്യവുമാണ്. പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും. ദൈവത്തിനസാധ്യമായി ഒന്നും ഇല്ല.

ദൈവം നമ്മെ അനുഗ്രഹിച്ചതിനെ നിരന്തരം ഓർക്കുക. അപ്പോൾ നമ്മിൽ അറിയാതെ ദൈവസ്തുതികൾ ഉയരും. അവിടുന്ന് നമ്മിൽ ചൊരിഞ്ഞ അനുഗ്രഹങ്ങൾ കാണുമ്പോൾ നമ്മുടെ കണ്ണുകൾ നിറഞ്ഞൊഴുകും. ദൈവം എന്നെ സ്നേഹിക്കുന്നതുപോലെ മറ്റാർക്കും സ്നേഹിക്കാനാവില്ല. ഞാൻപോലും എന്നെ ദൈവം സ്നേഹിക്കുന്നതുപോലെ സ്നേഹിക്കുന്നില്ല എന്നതാണ് സത്യം. ഓർമിക്കുക – ഓരോ ദുരന്തത്തിന്റെയും പരാജയത്തിന്റെയും ഉള്ളിൽ ദൈവം നന്മകൾ ഒളിപ്പിച്ച് വച്ചിരിക്കുന്നു. അതിന് പിന്നിലുള്ള പദ്ധതികൾ ദൈവത്തോട് ചോദിച്ച് മനസ്സിലാക്കുക. ഏശയ്യാ 55:8–9 കർത്താവ് അരുളിച്ചെയ്യുന്നു: “എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. ആകാശം ഭൂമിയേക്കാൾ ഉയർന്നുനിൽക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ”.

പരാജയങ്ങളാകുന്ന മുത്തുകൾ പെറുക്കി സൂക്ഷിക്കാതെ അവയെ ദൈവത്തിന് സമർപ്പിക്കുക. വലിയ അനുഗ്രഹങ്ങളാക്കി ദൈവം അവയെ തിരികെതരും. ഒരനാഥാലയത്തിലെ സിസ്റ്റേഴ്സ് അവിടെയുള്ള അനാഥരെ ഇങ്ങനെ പഠിപ്പിച്ചു. കുറച്ച് ഗോതമ്പുമണികൾ എല്ലാവർക്കും കൊടുത്തു. ദുഃഖം



തോന്നുമ്പോൾ ഒരു ഗോതമ്പുമണി എടുത്ത് ഒരു പാത്രത്തിലിടാൻ അവരോട് പറഞ്ഞു. വീണ്ടും ദുഃഖം തോന്നുമ്പോൾ ഒരു ഗോതമ്പുമണികൂടെ ഇടുക. അങ്ങനെ ശേഖരിച്ച ഈ ഗോതമ്പുമണികളെല്ലാം വൈകുന്നേരം ഇടിച്ചുപൊടിച്ചു പിറ്റേന്നുരാവിലെ ഓസ്തിയായി മാറ്റുന്നു. ഈശോയായി അവരുടെ ഉള്ളിലേക്ക് വരുന്നു. ഇതിന് വലിയ അർഥം ഉണ്ട്. നമുക്ക് ഉണ്ടാകുന്ന ഓരോ അനുഭവങ്ങൾക്കും ദൈവത്തിന്റെ മനസ്സിൽ അർഥം ഉണ്ട്. അതുകൊണ്ട് എല്ലാറ്റിനും ദൈവത്തെ സ്തുതിക്കുക. സങ്കടങ്ങൾ നിറഞ്ഞ അനുഭവങ്ങളിൽനിന്ന് ദൈവത്തെ സ്തുതിക്കുക എളുപ്പമല്ല. മറ്റെന്തിനെക്കാളും അധികമായി എന്നെ സ്നേഹിക്കുക എന്ന ദൈവത്തിന്റെ ആഗ്രഹം ഈ അവസ്ഥകളിൽ ദൈവമുഖത്ത് തെളിഞ്ഞിരിക്കും. എല്ലാറ്റിനും ഉപരിയായി സ്നേഹിക്കുമ്പോൾ ദൈവമുഖത്ത് ആഹ്ലാദം തിരതല്ലും.

എല്ലാം തരുന്നത് ദൈവമാണ്. നമ്മൾ ഉണ്ടായതിൽ നമുക്കൊരു പങ്കും ഇല്ല. കൈയും, കാലും, കണ്ണുകളും, കാതുകളും മറ്റു ശരീരസംവിധാനങ്ങളൊക്കെ ഉണ്ടായതിൽ നമുക്ക് എന്തെങ്കിലും പങ്കുണ്ടോ? ഇല്ല. അപ്പൻ, അമ്മ, ജന്മസ്ഥലം, ജന്മസമയം, ഇതൊന്നും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുഞ്ഞിനില്ല. അപ്പന്റെ കോടിക്കണക്കിന് ബീജത്തിലെ ഒരു ബീജം അമ്മയുടെ പ്രത്യേക സമയത്തെ അണ്ഡവുമായി ചേർന്നതാണ് മനുഷ്യജന്മം. ആ ബീജം ഒന്നു മാറിയിരുന്നെങ്കിൽ നാം ഉണ്ടാകുമായിരുന്നില്ല. മറ്റൊരാളായിരിക്കും ഉണ്ടാവുക. ഇത് സൂചിപ്പിക്കുന്നത് കോടിക്കണക്കിന് കുഞ്ഞുങ്ങളിൽ ഒരാൾ ജനിക്കാനുള്ള സാധ്യതയിൽനിന്നാണ് ഞാൻ പിറന്നത് എന്നാണ്. അതെ നമ്മുടെ ഓരോരുത്തരുടെയും ജീവൻ ലോട്ടറി അടിച്ചതുപോലെയാണ്. അങ്ങനെ ജന്മം മുതൽ ഇന്നുവരെ ഓരോ ദൈവാനുഗ്രഹങ്ങളും എണ്ണിപ്പെറുക്കിയെടുക്കുക. കടൽത്തീരത്തെ മണൽത്തരിപോലെ എണ്ണിത്തീരില്ല. ദൈവം നമുക്ക് തന്ന ഏറ്റവും വലിയ സമ്മാനമാണ് ഈശോ. നമ്മുടെ ജീവനെക്കാൾ വില ക്രിസ്തുവിനുണ്ട്. പരിശുദ്ധാത്മാവ് സത്യങ്ങളൊക്കെ കാട്ടിത്തരും. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി പ്രാർഥിക്കാം. ദൈവമേ, അങ്ങയുടെ അനുഗ്രഹങ്ങളാൽ വലയം ചെയ്യപ്പെട്ട ഈ ജീവിതംമുഴുവൻ അങ്ങയെ സ്തുതിക്കുവാനുള്ള ഉൾക്കാഴ്ചകൾ ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ ■

*(പേജ് 3-ന്റെ തുടർച്ച)*

എന്തൊക്കെയാണ്? ആത്മവിശ്വാസത്തിലേയ്ക്ക് എങ്ങനെ കൊണ്ടുവരാം?

1. മറ്റുള്ളവരെ അന്ധമായി അനുകരിക്കുമ്പോൾ എന്റെ Identity എവിടെയാണ്. മറ്റൊരാളായി മാറാൻ എനിക്ക് കഴിയില്ലല്ലോ. 'എന്നിലൂടെ നടക്കാനേ എനിക്കറിയൂ' എന്ന് കുഞ്ഞുണ്ണിമാഷ് എന്റെ അസ്തിത്വം എന്നിൽ തന്നെയാണ്; അത് ഞാൻ തന്നെ സംരക്ഷിക്കണമെന്ന് ബോധ്യപ്പെടുത്തണം.

2. മറ്റൊരാളുടെ പരമാവധി കഴിവുകളുമായി എന്റെ കഴിവിനെ, സാധ്യതകളെ താരതമ്യപ്പെടുത്തുന്നതിൽ അർഥമില്ല. എന്റെ പരമാവധി കഴിവുകളുമായി തട്ടിച്ചുനോക്കുക. സിനിമാതാരങ്ങളുടെ നിറവും യൗവനവും നിലനിർത്താൻ അവർ ഒട്ടേറെ പണം ചിലവഴിക്കുന്നുണ്ട്. കാരണം അവരുടെ സൗന്ദര്യമാണവർ മാർക്കറ്റ് ചെയ്യുന്നത്. അത് നിലനിറുത്തുവാൻ ഏതറ്റംവരേയും പോകും. എന്നാൽ ജീവിതത്തിന് ആവശ്യംവേണ്ടത് അതൊന്നുമല്ലല്ലോ.

3. ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി; ക്ഷേമത്തിനുള്ളതാണ്. അവിടുന്നറിയാതെ ഒന്നും സംഭവിക്കുന്നില്ലാത്തതിനാൽ സ്വയം അംഗീകരിക്കാൻ പഠിക്കുക.

ഇത്തരം ഉദാഹരണങ്ങൾ കുട്ടികൾക്ക് ബോധ്യമായാൽ കുട്ടികളിലെ താരാരാധനയും അനുകരണഭ്രമവും കുറയും. തന്നെ സ്നേഹിക്കാനും ദൈവം തന്നിൽ നിക്ഷേപിച്ചിരിക്കുന്ന കഴിവുകളുടെ പരമാവധിയ്ക്കുവേണ്ടി പ്രയത്നിക്കാനും ക്ലാസ്സ്മുറിയിൽ അവസരമൊരുക്കണം.

ഇന്നത്തെ ക്ലാസ്സ്മുറികളിൽ അധ്യാപകൻ കാട് വെട്ടിത്തെളിക്കുന്നവരല്ല; മരുഭൂമികൾ നനച്ച് കൃഷിഭൂമിയാക്കുന്നവരാണ്. കുട്ടികളിലെ ഊഷരമായ മണ്ണ് നനയുന്നത് പ്രോത്സാഹജനകമായ വാക്കും നോട്ടവും കൈത്താങ്ങും കൊണ്ടാണ്.

അധ്യാപകദിനത്തിൽ വന്ന ചില SMS-കൾ ഇങ്ങനെ മൊഴിയുന്നു.

The way you teach
The knowledge you share
The care you take
The love you shower
You are not only our teacher
You are our friend, Philosopher and guide
All moulded into one person

നവസമൂഹനിർമിതിക്കായി വിളിക്കപ്പെട്ട അധ്യാപകവൃത്തി എത്ര മഹനീയമാണ്! ■



## കൂടിക്കാഴ്ച

അഞ്ജു റോസ്

# പ്രത്യാശയുടെ പടവിൽ

**'കാറ്റിനെയും ഓളങ്ങളേയും നീ ഭയപ്പെടേണ്ട, ഞാൻ നിന്റെ കൂടെയുണ്ട്...'**

അന്ന് പ്രഭാതത്തിൽ എഫ്.എം റേഡിയോയിൽ പതിവില്ലാത്ത ഒരു ഗാനം കേട്ടു ആ അമ്മ ചെവിയോർത്തു. കാറ്റിന്റെ പക്ഷങ്ങളിൽ ഓളങ്ങളുടെ കൂട്ടു തേടി സഞ്ചരിക്കുവാൻ കൊതിച്ച മകനെ യാത്രയാക്കേണ്ടിയിരുന്ന ദിനമായിരുന്നു അത്. ആശങ്കകൾ തിരയിളകിയ മനസ്സിനെ ഈ വരികൾ ശാന്തമാക്കി. പിന്നീട് കലർപ്പില്ലാത്ത വിശ്വാസത്തോടെ മകനോട് പറഞ്ഞു: 'ധൈര്യമായി പോകൂ'. അമ്മയിൽ നിന്നു പകർന്ന വിശ്വാസത്തിന്റെ തിരിനാളവുമായി അസാധ്യമെന്ന് ഏവരും വിധിയെഴുതിയ ഒരു സമുദ്രയാത്രയെ നേരിട്ട ഈ മകനെ ഇന്ന് എല്ലാവരും അറിയും. ഒറ്റയ്ക്ക് പായ്ക്കപ്പലിൽ 151 ദിവസങ്ങൾ നിറുത്താതെ യാത്ര ചെയ്ത് ലോകത്തിലെ 3 സുപ്രധാന കടലിടുക്കുകൾ കടന്ന് ഭൂമധ്യരേഖയും അക്ഷാംശരേഖാംശങ്ങളും പിന്നിട്ട് ഭൂഗോളം ചുറ്റിയ ലഫ്. കമാൻഡർ. അഭിലാഷ് ടോമി. ചങ്കൂറ്റത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രതിരൂപമാണ് ഈ മലയാളി നാവികൻ. തൃപ്പൂണിത്തുറ കണ്ടനാട് സുരഭിയിൽ റിട്ട. ലഫ്. കമാൻഡർ വി. സി ടോമിയുടെയും, വൽസയുടെയും രണ്ടാൺമക്കളിൽ മൂത്തമകനായ ഈ മുപ്പത്തിനാലുകാരൻ ലോകത്തിലെ 79-ാമത്തെയും, ഏഷ്യയിലെ രണ്ടാമത്തെയും, ഇന്ത്യയിലെ ആദ്യത്തെയും നോൺ സ്റ്റോപ് അൺഅസിസ്റ്റഡ് സോളോ സർക്കം നാവിഗേറ്റർ എന്ന പദവിയാണ് കരസ്ഥമാക്കിയത്. 23,100 നോട്ടിക്കൽ മൈൽ നീണ്ട അങ്ങേയറ്റം ക്ലേശകരമായ യാത്ര വിശ്വാസത്തിന്റെ പിൻബലത്തിലാണ് അദ്ദേഹം പൂർത്തീകരിച്ചത്. ഇന്ന് ഈ മകൻ മാതാപിതാക്കളുടെയും ഏകസഹോദരന്റെയും മാത്രമല്ല, ലോകത്തിനു മുമ്പിൽ ഇന്ത്യയുടെ തന്നെ അഭിമാനമാണ്. മുംബൈയിലെ ഗേറ്റ് വേ ഓഫ് ഇന്ത്യയുടെ പടവിലിറങ്ങിയ അഭിലാഷിനെ കരയിലേക്ക് സ്വാഗതം ചെയ്തത് രാഷ്ട്രപതി പ്രണബ് മുഖർജിയാണ്. ടെൻസിംഗ് നോർഗേ അവാർഡിനു പുറമേ, യുദ്ധേതര സേവനത്തിനു നൽകുന്ന രണ്ടാമത്തെ വലിയ ബഹുമതിയായ കീർത്തിചക്ര നൽകി രാജ്യം ആദരിക്കുന്നു.

● 2012 നവംബർ ഒന്നാം തീയതിയിലാണല്ലോ യാത്ര ആരംഭിക്കുന്നത്. അതും വലിയൊരു ലക്ഷ്യത്തിലേക്ക്. യാത്ര ആരംഭിച്ച ദിവസം എന്തായിരുന്നു മനസ്സിൽ?

അന്ന് എനിക്ക് വലിയൊരു ആശ്വാസമാണ് അനുഭവപ്പെട്ടത്. ഏറെ ആഗ്രഹിച്ച് കാത്തിരിക്കുകയായിരുന്നു. 2011-ൽ ആണ് ഇത് ചെയ്യാനായിട്ട് പ്ലാൻ ചെയ്തിരുന്നത്. പക്ഷേ, മറ്റു ചില പരിപാടികൾ കാരണം അത് ക്യാൻസൽ ചെയ്യേണ്ടതായി വന്നു. 2012-ൽ വീണ്ടും ക്യാൻസൽ ആകാതിരിക്കുന്നതിനായി എന്നും പ്രാർഥിക്കുമായിരുന്നു. ഒരു തവണ തയ്യാറെടുപ്പുകൾ ചെയ്യാനാരംഭിച്ചാൽ നാല് അഞ്ച് മണിക്കൂറൊക്കെയേ ഉറങ്ങാൻ കിട്ടുമായിരുന്നുള്ളൂ. പ്രത്യേകിച്ച് അവസാന ആഴ്ചകളിൽ. ഒടുവിൽ ബോട്ട് ഇറങ്ങിയപ്പോൾ സന്തോഷമായി. എല്ലാ തയ്യാറെടുപ്പുകളും കഴിഞ്ഞ് ഞാനിതാ യഥാർഥത്തിൽ യാത്ര ആരംഭിക്കാൻ പോകുന്നു എന്നായിരുന്നു ചിന്തിച്ചത്.

● യാത്ര ആരംഭിച്ച സമയം ഇത്രയും വലിയൊരു ലക്ഷ്യത്തെ മുന്നിൽ കണ്ടപ്പോൾ എങ്ങനെ നേരിട്ടു?

ഇതു പോലെ അൺഅസിസ്റ്റഡ് ആയ സർക്കംനാവിഗേഷനിൽ ഒന്നുകിൽ നമുക്കിതിനെ വലിയൊരു ഭാരമായി കണ്ട് എങ്ങനെയെങ്കിലും തീർക്കുക എന്നു വിചാരിച്ചു പോകാം. എന്നാൽ ഞാൻ അടുത്ത ദിവസത്തെപ്പറ്റി മാത്രമെ ചിന്തിച്ചുള്ളൂ. വളരെ നോർമൽ ജീവിതം നയിക്കാനാണ് ശ്രമിച്ചത്. അഞ്ചാറു മാസം എങ്ങനെ മുന്നോട്ടു പോകും എന്ന് ചിന്തിച്ചു ഭാരപ്പെടുന്നതിലും നല്ലത് നാളയെ എങ്ങനെ നേരിടാമെന്ന് ആലോചിക്കുന്നതാണ്. എന്നെ സംബന്ധിച്ച നാളെ എങ്ങനെയാണ്, അടുത്ത ആഴ്ച എന്താണ് ചെയ്യേണ്ടത് എന്നതിനാണ് പ്രാധാന്യം നൽകിയത്. അതിനപ്പുറത്തേയ്ക്ക് ചിന്തിക്കാൻ ശ്രമിച്ചില്ല.

നീലം കൊടുങ്കാറ്റ് തുടങ്ങിയ സമയത്തായിരുന്നു എന്റെ സമുദ്രയാത്ര ആരംഭിച്ചത്. നീലം ഇവിടേക്കു സമീപിക്കുകയായിരുന്നു. നേവിയിലുള്ള പലരും യാത്ര മാറ്റിവയ്ക്കാൻ ഉപദേശിച്ചു. വേണമെങ്കിൽ ആൾക്കാരെ കാണിക്കുവാൻ അൽപദൂരം പോയി തിരിച്ചു വരാം, പിന്നീടൊരിക്കൽ സുരക്ഷിതമായി യാത്ര പുനരാരംഭിക്കാം എന്നിങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി. ഞാൻ യാത്ര തുടരുവാൻ തന്നെ തീരുമാനിച്ചു. എന്നാൽ കൊടുങ്കാറ്റ് ഭയപ്പെട്ടതു പോലെ ഭീഷണിയുയർത്തിയില്ല. മുമ്പും കാറ്റുകളെ നേരിട്ടുള്ള അനുഭവപരിചയം ഇവിടെ തുണയായി.

● ഒരു ദീർഘകാലലക്ഷ്യം മുന്നിലുണ്ടായിരുന്നിട്ടും അടുത്ത ദിവസത്തെപ്പറ്റി മാത്രം ചിന്തിച്ചുവെന്ന് പറയാൻ കാരണം?

എന്നെ സംബന്ധിച്ച് ലക്ഷ്യത്തിലെത്തുകയോ എത്താതിരിക്കുകയോ ചെയ്യുന്നതിനായിരുന്നില്ല പ്രസക്തി. ഞാൻ തിരിച്ചു വരുമോ ഇല്ലയോ എന്നതല്ല ഈ സമുദ്ര യാത്രയ്ക്ക് പോകാൻ സാധിക്കുക എന്നതായിരുന്നു എന്റെ ഏറ്റവും വലിയ ആഗ്രഹം. ആദ്യത്തെ സർക്കം നാവിഗേറ്ററാവുക, ലോകത്തിൽ 79-ാമത് എത്തുക എന്നതല്ലായിരുന്നു എന്റെ ഉദ്ദേശം. യാത്ര പോകാൻ അവസരം ലഭിച്ചപ്പോൾ തന്നെ എന്റെ ആഗ്രഹം പൂർത്തീകരിച്ചു. അതിനുശേഷം എല്ലാ ദിവസവും ഞാൻ സന്തുഷ്ടനായിരുന്നു. ലക്ഷ്യം എന്നത് ഒടുവിൽ എത്തിച്ചേരേണ്ട നിമിഷമല്ല; ലക്ഷ്യം ഇന്നത്തെ ജീവിതമാണ്. ഇന്ന്, ഇപ്പോൾ ഞാൻ ദുഖിതനാണെങ്കിൽ, നിരാശപ്പെടുന്നുവെങ്കിൽ, ഞാൻ ഭയപ്പെടുന്നുവെങ്കിൽ, എന്റെ ലക്ഷ്യം പരാജയപ്പെട്ടു. 150 ദിവസത്തിനുള്ളിൽ വരുമോ ഇല്ലയോ എന്നതൊക്കെ ദൈവത്തിന്റെ കൈയിലല്ലേ?

● 150 ദിവസമുണ്ടായിരുന്ന ഈ യാത്രയിൽ, ഏതെങ്കിലും ഒരു സമയത്ത് ഇത് ദുഷ്കരമാണെന്ന് തോന്നുകയോ മുന്നോട്ടു പോകാനാവില്ല എന്ന് പ്രത്യാശ നഷ്ടപ്പെടുകയോ ചെയ്ത അവസരങ്ങൾ ഉണ്ടായിട്ടുണ്ടോ?

എല്ലാം വലിയ പ്രശ്നങ്ങളൊന്നുമില്ലാതെ പോവുകയായിരുന്നു. കൊടുങ്കാറ്റുകൾ ധാരാളം വന്നെങ്കിലും അവയെല്ലാം നേരിടാൻ സാധിച്ചു. കേപ് ഓഫ് ഗുഡ് ഹോപ് (പ്രത്യാശയുടെ മുനമ്പ്) ചുറ്റി വരുന്ന സമയം 140 നോട്ടിക്കൽ മൈൽ വേഗതയിൽ ഒരു കൊടുങ്കാറ്റ് വന്നു. 100 മുതൽ 120 നോട്ടിക്കൽ മൈൽ വരെ വേഗതയുള്ള കാറ്റുകൾ കണ്ടിട്ടുണ്ട്. പക്ഷേ ഇത് വളരെ ശക്തമായ ഒന്നായിരുന്നു. വലിയ പൊക്കത്തിൽ ഉയർന്നടിക്കുന്ന തിരകൾ, ഏതു നിമിഷവും തിരയിൽ കപ്പൽ തകരുമെന്ന അവസ്ഥ. പായ്മരം ഇളകിയാടാൻ തുടങ്ങി. അത് യാത്രയുടെ അവസാന ദിവസമാകുമെന്നു ഞാൻ കരുതി. കേപ് ടൗണിലേക്ക് തിരിച്ചാലോ എന്ന് വരെ ഓർത്തു. കുറെ ഏറെ സമയം ബോട്ടിന്റെ നിയന്ത്രണം നഷ്ടപ്പെട്ടു. ആടിയുലഞ്ഞ ബോട്ട് ചെരിഞ്ഞ് ഏതാണ്ട് മറിയുമെന്ന അവസ്ഥയായി. കപ്പൽപായ് പൂർണമായും കീറിപ്പോയിരുന്നു. ദൈവാനുഗ്രഹത്തിന് പായ് തുറന്നിട്ടതിനാൽ അത് തനിയെ അടിച്ചുകൊണ്ട് കിടന്നതല്ലാതെ മറ്റപകടങ്ങളൊന്നും ഉണ്ടായില്ല.

● ഈയൊരു യാത്രയിൽ പ്രാർഥനയും ദൈവവിശ്വാസവും ഏറെ തുണച്ചു എന്ന് താങ്കൾ പറഞ്ഞതായി കേട്ടു...?

പ്രാർഥിച്ചതുകൊണ്ട് മാത്രമാണ് ഈ യാത്ര പോകുവാൻ സാധിച്ചത് തന്നെ. അമ്മയുടെ ഒപ്പം എല്ലാ ചൊവ്വാഴ്ചകളിലും കലൂർ സെന്റ്. ആന്റണീസ് പള്ളിയിൽ പോകാറുണ്ടായിരുന്നു. എപ്പോൾ പോയാലും ഈ നിയോഗത്തിനായി ഞാൻ പ്രാർഥിക്കുമായിരുന്നു. അതുകൊണ്ട് മാത്രം കിട്ടിയ അവസരമാണെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്നെ ഗർഭം ധരിച്ചിരുന്ന സമയങ്ങളിൽപോലും അമ്മ മുടങ്ങാതെ കലൂർപള്ളിയിൽ വരുമായിരുന്നു. അതിനാലാണ് എന്റെ മാമ്മോദീസപ്പേര് ആന്റണി എന്നിട്ടത്.

● യാത്രയിൽ പ്രാർഥനയുടേതായ അനുഭവങ്ങൾ ഉണ്ടായിരുന്നോ?

ദിവസേന പ്രാർഥിക്കുന്നത് ഞാനൊരു ഊന്നുവടിയായിട്ടാണ് കാണുന്നത്. പ്രാർഥന





എന്നെ സംബന്ധിച്ച് ഒരു സപ്പോർട്ട് സിസ്റ്റമാണ്. വിശ്വാസത്തിന്റെ പിൻബലം ഉണ്ടായിരുന്നതിനാൽ എനിക്ക് ഓരോ നിമിഷവും പ്രാർഥിക്കുന്ന രീതി ഇല്ലായിരുന്നു. എന്തു പ്രശ്നം വന്നാലും ദൈവം കൂടെയുണ്ടെന്ന് എനിക്ക് ബോധ്യമുണ്ടായിരുന്നു. അത്രയേറെ വിശ്വാസമുണ്ടായിരുന്നതുകൊണ്ട് ഓരോ നിമിഷവും അത് സംഭവിക്കരുതേ ഇത് സംഭവിക്കരുതേ എന്ന് ഞാൻ പ്രാർഥിക്കാറുണ്ടായിരുന്നില്ല. പോകുന്നതിനു മുമ്പ് അവസാനമായി പള്ളിയിൽ വന്നപ്പോഴും പ്രശ്നങ്ങളില്ലാതെ യാത്ര തീരണമെന്ന് ഞാൻ പ്രാർഥിച്ചിട്ടില്ല. ഏതു പ്രശ്നത്തെയും നേരിടാനുള്ള ശക്തി തരണമെന്നാണ് പ്രാർഥിച്ചത്. നൂറ്റമ്പതു ദിവസവും, വഴിനീളെ, എന്തു വന്നാലും നേരിടാനുള്ള ശക്തി ദൈവം തരുകയും ചെയ്തു. വെള്ളം തീർന്നു, കൊടുങ്കാറ്റ് വന്നു, കപ്പൽപായ് കീറി, പലതവണ പായ്മരത്തിനു മുകളിൽ കയറേണ്ടിവന്നു; എങ്കിലും എല്ലാം ചെയ്ത് എല്ലാ പ്രശ്നങ്ങളെയും നേരിട്ട് ഞാൻ തിരിച്ചെത്തി. പ്രശ്നങ്ങളില്ലാത്ത ജീവിതം ബോറടിക്കില്ലേ.

● നമ്മൾ പറയാറുണ്ട് വെല്ലുവിളികളിലാണ് ദൈവത്തെ കണ്ടുമുട്ടുക എന്ന്..

പല കുടുംബങ്ങളിലും കണ്ടിട്ടുണ്ട് പരീക്ഷയിൽ ജയിക്കുന്നതിന് പഠിക്കാൻ ആവശ്യപ്പെടാതെ പ്രാർഥിക്കാൻ പറയുന്ന മാതാപിതാക്കളെ. അത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. പഠിക്കേണ്ട സമയത്ത് പഠിച്ചാലേ പരീക്ഷ പാസാവുകയുള്ളൂ. ബുദ്ധിമുട്ടാതെ, പ്രാർഥിച്ചുമാത്രം നല്ല മാർക്ക് വാങ്ങാൻ ശ്രമിക്കുന്നത് നമ്മുടെ ഒരു ബലഹീനതയാകുകയാണ്. ദൈവം തന്ന കഴിവ് ഉപയോഗിക്കുക. ഒത്തിരി പഠിച്ചിട്ടും ഒന്നാമതാകാതെ രണ്ടാമതൊ പത്താമതൊ ഒക്കെ ആയേക്കാം. അത് ദൈവത്തിന്റെ ഇഷ്ടമല്ലേ. എന്തിനാണത് പ്രാർഥിച്ച് മാറ്റാൻ ശ്രമിക്കുന്നത്?

● ഈയിടെ ഫ്രാൻസിസ് പാപ്പ പറയുകയുണ്ടായി, യുവജനങ്ങൾക്ക് എല്ലാ ബഹളങ്ങളിൽ നിന്നും മാറി ഏകാന്തതയിൽ ചെലവഴിക്കാൻ സാധിക്കുന്നില്ല, ഏകാന്തതയിൽ, നിശ്ശബ്ദതയിലാണ് അവർ തങ്ങളിലുള്ള ദൈവത്തെ കണ്ടുമുട്ടുക എന്ന്..

പുറത്ത് അന്വേഷിച്ചാൽ നമുക്ക് ദൈവത്തെ കണ്ടെത്താനാവില്ല. ദൈവം ഉള്ളിലാണ് വസിക്കുന്നത്. യുവജനത്തിന് ഏകാന്തത ആവശ്യമുണ്ട്. ഈ കാലഘട്ടത്തിലെ തലമുറയുടെ വലിയ നേട്ടം എല്ലാവർക്കും പരസ്പരം ബന്ധപ്പെട്ടുകൊണ്ടിരിക്കാൻ കഴിയുന്നതാണ്. ഒരു ബട്ടണമർത്തിയാൽ മൊബൈലിലൂടെയും ഇന്റർനെറ്റിലൂടെയും ഏതു സെക്കന്റിലും ആരുമായും കമ്മ്യൂണിക്കേറ്റ് ചെയ്യാം. ഒരേസമയം അതൊരു പ്രശ്നവുമാണ്. നമ്മുടെ ആന്തരികതയുമായുള്ള ബന്ധം നഷ്ടപ്പെടുന്നു. പറ്റുന്നത്രയും ഏകാന്തമായി പ്രാർഥിക്കാൻ ചെറുപ്പക്കാർ സമയം കണ്ടെത്തണമെന്നാണ് എന്റെ അഭിപ്രായം. ഒരുപാട് ദിവസങ്ങൾ തുടർച്ചയായി ധ്യാനിച്ചില്ലെങ്കിലും പത്തുപതിനഞ്ചു മിനിറ്റുകളെങ്കിലും ദിവസവും ഒറ്റയ്ക്കിരുന്നു ധ്യാനിക്കുവാൻ സാധിക്കണം. യുവാക്കൾ തങ്ങളുടെ ഉള്ളിലേയ്ക്ക തിരിഞ്ഞുനോക്കേണ്ടതുണ്ട്.

● ഇന്നത്തെ ചെറുപ്പക്കാർ പലപ്പോഴും അനാവശ്യമായ ടെൻഷനും ഉത്കണ്ഠകളും കൊണ്ടുനടക്കുന്നവരാണ്. അഭിലാഷിന് ഇവർക്ക് നൽകുവാനുള്ള സന്ദേശമെന്താണ്?


യുവത്വം വളരെ വിചിത്രമായൊരു അവസ്ഥയാണ്. എന്തും ചെയ്യാനുള്ള പ്രാപ്തി തനിക്കുണ്ടെന്ന് ചിന്തിക്കുന്ന ഒരു കാലം, ഒരുപാട് പ്രതീക്ഷകളുണ്ടാകുന്ന ഘട്ടം, അതേസമയം ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ യാതൊരു പോംവഴികളുമില്ലാത്ത സമയം! യുവമനസ് ചിന്തിക്കുന്നത് നാളെ ലോകം അവസാനിക്കും ഇന്നുതന്നെ എല്ലാം ചെയ്യണമെന്നാണ്. അങ്ങനെയല്ല, അവർക്ക മുന്നിൽ ഒരുപാട് സമയമുണ്ട്. ഇന്നു ചെയ്യാനുള്ളത് ഇന്നു ചെയ്യുക, യുവാക്കൾ തങ്ങളിൽ നിക്ഷേപിക്കണം. പഠിക്കേണ്ടപ്പോൾ പഠിക്കുക, കളിക്കേണ്ടപ്പോൾ കളിക്കുക. ചെയ്യേണ്ടതു ചെയ്യുന്നിടത്തോളം കാലം സ്വന്തം ലക്ഷ്യങ്ങൾ നിറവേറ്റുവാൻ അവർക്കു സാധിക്കും. മാത്രമല്ല ജീവിതം പത്തൊൻപതാമത്തെയോ ഇരുപതാമത്തെയോ വയസ്സിൽ അവസാനിക്കുന്നില്ല. ഇരുപത്തിയഞ്ച് വയസ്സിലോ മുപ്പതോ മുപ്പത്തിയഞ്ചാകുമ്പോഴോ ഒക്കെ പ്രായമായെന്നാണ് പൊതുവേയുള്ള ധാരണ.

● ഇതിനോട് ചേർത്ത് ചോദിക്കുകയാണ്. ഈയൊരു മേഖലയിലേക്ക് താങ്കൾ കടന്നുവരുന്നത് തീവ്രമായ ആഗ്രഹത്തോടെയായിരുന്നുവല്ലോ. ഇന്ന് പലരും ജോലിസാധ്യതയും ശമ്പളവും കൂടുതലുള്ള മേഖലകളാണ് തിരഞ്ഞെടുക്കുന്നത്. പലപ്പോഴും ഇഷ്ടപ്പെട്ടത് ചെയ്യാനവർക്കു പറ്റാറില്ല. ചിലപ്പോളവർ ശ്രമിക്കാറുമില്ല. ഇങ്ങനെയുള്ളവരോട് എന്താണു പറയാനുള്ളത്?

താത്പര്യവും അഭിരുചിയുമുള്ള മേഖല തിരഞ്ഞെടുക്കണമെന്നാണ് അഭിപ്രായം. ഞാൻ പഠിക്കുന്ന സമയത്തൊക്കെ എൻജിനീയറിംഗും എം.ബി.ബി.എസ്.-മാണ് ഏറ്റവും നല്ലതെന്ന് കരുതപ്പെട്ടിരുന്നു. ഞാനും മെഡിസിൻ, എൻജിനീയറിങ് എൻട്രൻസ് പരീക്ഷകൾ പാസ്സായിരുന്നു. പക്ഷേ, രണ്ടും വേണ്ട എനിക്ക് നേവിയിൽ ചേരണമെന്ന് ഞാൻ മാതാപിതാക്കളോടു പറഞ്ഞു. എന്റെ ക്ലാസ്സ്മേറ്റ്സ് നിനക്കു കിറുക്കാണോ എന്നു ചോദിച്ചു. കാരണം എന്റെ റാങ്ക് ലഭിക്കാൻ അവരൊക്കെ ആഗ്രഹിച്ചിരുന്നു. എൻജിനീയറിങ്ങിന് 456-ഉം, മെഡിസിൻ എൻട്രൻസിന് 678-ഉം റാങ്ക് ഉണ്ടായിരുന്നു. എങ്കിലും ഞാൻ നേവിയിൽ ചേരണമെന്നു തന്നെ ആഗ്രഹിച്ചു. ഒടുവിൽ മാതാപിതാക്കൾ അനുവദിക്കുകയും ചെയ്തു.

● എന്തൊക്കെയാണ് ഭാവിപദ്ധതികൾ?

ബോട്ടിൽ കേപ്ടൗണിൽ നിന്നും ബ്രസീലിലേയ്ക്ക് ഒരു റേസ് (മത്സരം) ഉണ്ട് . ഈ റേസിൽ ഞങ്ങൾ അടുത്ത തലമുറ നാവികരെ പരിശീലിപ്പിക്കുകയാണ്. റേസ് കഴിയുമ്പോൾ ബോട്ട് അടുത്തയാൾക്ക് കൈമാറുന്നു. നാല് വനിതാ ഓഫീസർമാരും ഈ യാത്രയിൽ ഉൾപ്പെടുന്നുണ്ട്. ഇന്ത്യയിൽ നിന്നാദ്യമായാണ് വനിതകൾ ഈ വേദിയിൽ വരുന്നത്. ആരെങ്കിലും തയ്യാറാവുകയാണെങ്കിൽ അടുത്തതായി ഒരു വനിതാ സർക്കം നാവിഗേഷന് സാധ്യതയുണ്ട്. കമാൻഡർ ദോണ്ടെ ആദ്യമായി യാത്ര നടത്തിയപ്പോൾ ഇതു തുടർന്നുകൊണ്ടുപോകണമെന്നാഗ്രഹിച്ചു. അങ്ങനെ എനിക്കവസരം ലഭിച്ചു. എനിക്കുശേഷം ഒരു വനിതയിലൂടെ തുടർന്നുകൊണ്ടു പോകാനാണ് ശ്രമിക്കുന്നത്. വിദൂരഭാവിയിൽ ആകാശമാർഗം ലോകം ചുറ്റിസഞ്ചരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.



● 150 ദിവസത്തെ ഈ യാത്ര ആത്മീയപശ്ചാത്തലത്തിൽ ചിന്തനീയമാണ്..

ഇറങ്ങിത്തിരിക്കുമ്പോൾ 150 ദിവസമാണോ അല്ലയോ എന്ന് അറിയില്ലായിരുന്നു. വിശ്വാസവും പ്രാർഥനയും വ്യത്യാസമുണ്ട്. സ്വന്തം കഴിവിൽ വിശ്വസിക്കാതെ പ്രാർഥിക്കണമെന്ന് പറയുന്ന ആളല്ല ഞാൻ. തീർച്ചയായിട്ടും കാര്യങ്ങൾ നമ്മുടെ കൈയിൽനിന്നു പോകുമ്പോൾ നാം ദൈവത്തെ വിളിക്കും. പക്ഷേ, ഇന്നതാണ് സംഭവിക്കേണ്ടതെന്ന് ദൈവം തീരുമാനിച്ചിട്ടുണ്ടെങ്കിൽ എന്തിന് നമ്മളതു മാറ്റാൻ ശ്രമിക്കണം? പ്രാർഥിച്ച് ദൈവത്തിന്റെ തീരുമാനത്തെ മാറ്റാൻ ശ്രമിക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. ആ ഒരു ബോധ്യം ഉള്ളിലുണ്ടെങ്കിൽ സംഭവിക്കുന്നതെന്തും അംഗീകരിക്കാൻ നമുക്ക് സാധിക്കും.

● സ്വാധീനിച്ച ഒരു ബൈബിൾ വാക്യം ഓർത്തെടുക്കാമോ?

കൃത്യമായ വാക്കുകൾ ഓർമയില്ല. നിത്യജീവിതത്തെക്കുറിച്ച് സൂചിപ്പിക്കുന്ന വചനങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. ജീവിതം എന്നേയ്ക്കുമാണെന്ന് ദൈവം തന്നെ പറയുമ്പോൾ മരണത്തിനവിടെ അർഥമില്ലല്ലോ. മുമ്പ് പലരും എന്നോട് ചോദിച്ചിട്ടുണ്ട് മരണത്തെ ഭയമുണ്ടോയെന്ന്. ഞാൻ പറയും മരണമില്ലെന്ന്. കാരണം ജീവിതം നിത്യമാണ്. ശരീരം മാത്രമേ മരിക്കുന്നുള്ളൂ. ആത്മാവിനു മരണമില്ല.

വാക്കുകളിൽ നിറയുന്ന പ്രത്യാശയും ഉള്ളിൽ തെളിയുന്ന വിശ്വാസത്തിന്റെ ദീപനാളവുമായി അഭിലാഷ് ടോമി തന്റെ ജൈത്രയാത്ര തുടരുകയാണ്. കമാൻഡർ ദോണ്ടേ 'മാദേയി' എന്ന തന്റെ പായ്ക്കപ്പൽ അഭിലാഷിനു കൈമാറുമ്പോൾ പറഞ്ഞ രണ്ടുവാക്കുകൾ 'എല്ലാം നിനക്കുള്ളത്' എന്നാണ്. ദൗത്യം വിജയകരമായി പൂർത്തിയാക്കി മാർച്ച് 31-ന് തിരികെയെത്തുമ്പോൾ അഭിലാഷ് 'എല്ലാം നേടിയവൻ' ആയിരുന്നു. അന്ന് ഒരു ഈസ്റ്റർ ദിനമായിരുന്നു എന്നത് അടിയുറച്ച വിശ്വാസത്തിന് ദൈവം ചാർത്തിയ കൈയൊപ്പായിരുന്നു.

*'വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ടെന്ന ബോധ്യവുമാണ്'(ഹെബ്രായർ 11: 1)* ■



## ലോക യുവജന സമ്മേളനം

ഇമ്മാനുവൽ ജോസഫ്

# യുവതയുടെ ആത്മീയാഘോഷം

ബ്രസീലിൽ നടക്കുന്ന ലോക യുവജന സമ്മേളനത്തിൽ പങ്കെടുക്കാൻ ഇന്ത്യയിൽ നിന്നുള്ള ജീസസ് യൂത്ത് അംഗങ്ങളുമായി പോകാൻ തയാറെടുക്കുമ്പോഴാണ് എന്റെ ഭാര്യ ദിവ്യയ്ക്ക് കാൻസറാണെന്ന് കണ്ടെത്തിയത്. യാത്ര റദ്ദാക്കാമെന്നുറപ്പിച്ച എന്നെ ദിവ്യ തന്നെയാണ്, അവിടേയ്ക്ക് നിങ്ങളെ വിളിച്ച ദൈവം എന്നെ കരുതിക്കൊള്ളുമെന്നു പറഞ്ഞ് യാത്രയയച്ചത്. തിരിച്ചുവന്നപ്പോൾ മുമ്പത്തേതിലും മെച്ചപ്പെട്ട അവസ്ഥയിലായിരുന്നു ദിവ്യ. ജൂലൈ 23 മുതൽ 28 വരെ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ലോകയുവജന ദിനാഘോഷം എന്റെ ജീവിതത്തിൽ ദൈവാനുഭവത്തിന്റെയും കൃതജ്ഞതയുടെയും ദിനങ്ങളായിരുന്നു.

ആറു വൈദികരടക്കം 16 പേരടങ്ങുന്നതായിരുന്നു ഇന്ത്യയിൽ നിന്നുള്ള ഞങ്ങളുടെ സംഘം. ജൂലൈ 21-22 തീയതികളിൽ നടന്ന യൂത്ത് എറൈസ് ഇന്റർനാഷനലിന്റെ സമ്മേളനത്തിൽ പങ്കെടുത്ത ശേഷമാണ് റിയോഡി ജനീറോയിലേയ്ക്ക് ഞങ്ങൾ തിരിച്ചത്. വി. കുർബാനയും ദിവ്യകാരുണ്യ ആരാധനയും അന്തർദേശീയ വചനപ്രഘോഷകരുടെ പ്രഭാഷണങ്ങളും റെക്സ് ബാൻഡ് അടക്കമുള്ള വിവിധ ക്രിസ്തീയ ബാൻഡുകളുടെ സംഗീതവിരുന്നുമൊക്കെയായി ആ ദിവസങ്ങൾ ആത്മനിറവിന്റേതായിരുന്നു. 23-ാം തീയതി രാവിലെ റിയോയിലെ കോപ്പാകബാനാ ബീച്ചിൽ വച്ച് ലോകയുവജനദിനാഘോഷത്തിന്റെ ഉദ്ഘാടനചടങ്ങുകളും വി. കുർബാനയും ആഘോഷമായി നടന്നു. കോരിച്ചൊരിയുന്ന മഴയത്തും അനേകായിരം യുവജനങ്ങൾ തങ്ങളുടെ ദേശീയ പതാകകളുമായി ആവേശത്തോടെ അതിൽ പങ്കുചേർന്നു.

കുരിശും പരിശുദ്ധഅമ്മയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണത്തിനും ജപമാലയ്ക്കും ശേഷം റിയോഡി ജനീറോയിലെ ആർച്ച് ബിഷപ് ഒറാനി ജോ ടെമ്പസ്റ്റയുടെ മുഖ്യകാർമികത്വത്തിലാണ് വി. കുർബാനയർപ്പിച്ചത്. 24-ാം തീയതി രാവിലെ ഓസ്ട്രേലിയയിലെ ബ്രിസ്ബേയ്ൻ അതിരൂപത ആർച്ച് ബിഷപ് മാർക്ക് കോളറിസ്ജാണ് വചനപ്രഘോഷണം നടത്തിയത്. 'പ്രത്യാശയ്ക്കായി ദാഹിക്കുക, ദൈവത്തിനായി ദാഹിക്കുക' എന്നതായിരുന്നു അന്നത്തെ ധ്യാനവിഷയം. യേശു നമ്മുടെ മാത്രമല്ല നാം കണ്ടുമുട്ടുന്നവരുടെയും ജീവിതത്തിൽ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വ്യക്തിപരമായ അനുഭവങ്ങളിലൂടെ അദ്ദേഹം വിശദമാക്കി. തുടർന്ന് വി. കുർബാനയും യു.എ.ഇ.യിലെ ജീസസ്യൂത്ത് ബാൻഡായ മാസ്റ്റർ പ്ലാൻ ബാൻഡിന്റെ സംഗീതവിരുന്നുമായിരുന്നു. 25-ന് ദക്ഷിണാഫ്രിക്കയിലെ ഡർബനിലെ ആർച്ച്ബിഷപ്പായ കർദിനാൾ വിൽഫ്രിഡ് നേപ്പിയറാണ് വചനചിന്തകൾ പങ്കുവച്ചത്. 'ക്രിസ്തുവിന്റെ ശിഷ്യനായിരിക്കുക' എന്ന ധ്യാനവിഷയത്തിലൂന്നി വിശുദ്ധരുടെയും രക്തസാക്ഷികളുടെയും സ്വന്തം അനുഭവങ്ങളുടെയും പശ്ചാത്തലത്തിൽ ഒരു ക്രിസ്ത്യാനി എന്തുകൊണ്ട് ക്രിസ്തുവിന്റെ ശിഷ്യനായിരിക്കണമെന്നും അതിന്റെ വിലയും വിശദമാക്കി. വി. കുർബാനയ്ക്കുശേഷം വൈകുന്നേരം പരിശുദ്ധപിതാവിനുള്ള ഔദ്യോഗിക സ്വീകരണച്ചടങ്ങു നടന്നു. ബുള്ളറ്റ് പ്രൂഫ് കവചമില്ലാതെ സാധാരണ പോപ് മൊബീലിൽ ഫ്രാൻസിസ് പാപ്പായെ സ്വീകരിക്കാനുള്ള യുവജനങ്ങളുടെ ആവേശം ഒന്നു കാണേണ്ടതുതന്നെയായിരുന്നു.

ആനന്ദക്കണ്ണീരും ആഹ്ലാദവും നിറഞ്ഞ അവരുടെ പ്രതികരണം സഭയോടും പാപ്പായോടുമുള്ള സ്നേഹം പ്രകടിപ്പിക്കുന്നതായിരുന്നു. പോകുംവഴി കുഞ്ഞുങ്ങളെയും യുവജനങ്ങളെയും പ്രായമായവരെയും രോഗികളെയും ആശീർവദിക്കാനായി പരിശുദ്ധപിതാവ് ഇടയ്ക്കിടെ വണ്ടിയിൽ നിന്നിറങ്ങി. സ്വീകരണച്ചടങ്ങിനുശേഷം രാത്രി വൈകുംവരെ സംഗീതവിരുന്നായിരുന്നു. 26-ാം തീയതി രാവിലെ ന്യൂയോർക്കിലെ ആർച്ച് ബിഷപ് കർദിനാൾ തിമോത്തി ഡോളനാണ് വചനം പങ്കുവച്ചത്.

'മിഷനറിയായിരിക്കുന്നു! ഇനി പോകൂ' എന്നതായിരുന്നു അന്നത്തെ ധ്യാനവിഷയം. കാഴ്ചയിൽത്തന്നെ യുവജനങ്ങളെ ആകർഷിക്കുന്ന കർദിനാളിന്റെ ഓരോ വാക്കും വെല്ലുവിളിയുണർത്തുന്നതായിരുന്നു. മിഷൻ പ്രവർത്തനത്തിനായി നാലു പ്രായോഗിക കാര്യങ്ങൾ അദ്ദേഹം പങ്കുവച്ചു. എവിടെയും ഏതു ജീവിതസാഹചര്യത്തിലും ഉപയോഗിക്കാവുന്ന ഇവ ആഹ്ലാദത്തിന്റെ ജനം, ഉപവിയുടെ ജനം, എളിമയുടെ ജനം, ക്ഷമാപണത്തിന്റെ ജനം എന്നതായിരുന്നു. ഇവ മനോഹരമായി വിശദീകരിച്ചുകൊണ്ടും ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങളും നൽകി അദ്ദേഹം ഞങ്ങളെ അതിശയിപ്പിച്ചു. അന്നു വൈകുന്നേരം കോപ്പാ കബാനാ ബീച്ചിൽവച്ച് കുരിശിന്റെവഴി നടന്നു. ഒന്നേകാൽ മണിക്കൂർ നീണ്ട കുരിശിന്റെ വഴിയിലെ ഓരോ സ്ഥലങ്ങളും അവതരിപ്പിക്കുന്നതിന് 280-ഓളം വൊളന്റിയർമാരുണ്ടായിരുന്നു. ഓരോ സ്ഥലത്തും വൈദികരോ സന്ന്യസ്തരോ പ്രശസ്ത നടീനടന്മാരോ ഗായകരോ ബന്ധപ്പെട്ട വചനഭാഗങ്ങൾ വായിച്ചു. ഓരോ വചനഭാഗവും ഇന്നത്തെ ലോകത്തെ ഗ്രസിക്കുന്ന ഏതെങ്കിലുമൊരു പ്രശ്നവുമായി ബന്ധപ്പെട്ടതായിരുന്നു.

ബുദ്ധിമുട്ടുകളിലൂടെ കടന്നുപോകുന്നവരോടും സഹിക്കുന്നവരോടും അവരുടെ ഉദ്ദേശ്യം എന്തുതന്നെയായിരുന്നാലും യേശു ഒന്നുചേരുന്നുവെന്ന് പരി. പിതാവ് ഉദ്ഘോഷിച്ചു. ക്രിസ്തു എല്ലാവരെയും തുറന്ന കരങ്ങളോടെ സ്വീകരിക്കുന്നു.

യുവജനങ്ങളോട് അദ്ദേഹം കുരിശ് എങ്ങനെയെടുക്കാനാണ് ആഗ്രഹിക്കുന്നതെന്നു ചോദിച്ചു. കൈകഴുകിയ പീലാത്തോസിനെപ്പോലെയോ, ക്രിസ്തുവിനെ കുരിശുവഹിക്കാൻ സഹായിച്ച കൈറീൻകാരനായ ശെമയോനെപ്പോലെയോ അതോ അവസാനംവരെ ഭയലേശമെന്യേ അവനോടു ചേർന്നുനിന്ന മഗ്ദലന മറിയത്തെപ്പോലെയോ? ക്രിസ്തു നമ്മോടു ചോദിക്കുന്ന ചോദ്യമിതാണ്, സന്തോഷങ്ങളിലും സഹനങ്ങളിലും കുരിശുവഹിക്കുന്നതിൽ എന്നെ സഹായിക്കാൻ നിങ്ങൾ തയാറാണോ? ഈ കുരിശിന്റെ വഴി എല്ലാവരുടെയും പ്രത്യേകിച്ച് എന്റെ ജീവിതത്തിലും ഒരു പുതിയ അനുഭവമായിരുന്നു. കണ്ണുനീരോടെയാണ് ഞാൻ കുരിശിന്റെ വഴി പൂർത്തിയാക്കിയത്.

27-ാം തീയതി വൈകുന്നേരം പരി. പിതാവുമൊത്തുള്ള ജാഗരണപ്രാർഥനയായിരുന്നു. കനത്തമഴമൂലം കോപ്പാ കബാനാ ബീച്ചിലേയ്ക്ക് തന്നെ ജാഗരണപ്രാർഥന മാറ്റി. ഞങ്ങൾ അവിടെ എത്തുമ്പോഴേയ്ക്കും ബീച്ച് പരിസരം നിറഞ്ഞു തുടങ്ങിയിരുന്നു.

വിതക്കാരന്റെ ഉപമ വിശദീകരിച്ചുകൊണ്ട് അർധക്രിസ്ത്യാനികളായി ജീവിക്കാതെ പൂർണമായ അർഥമുള്ള ക്രിസ്തീയജീവിതം നയിക്കാൻ പരി. പിതാവ് ആഹ്വാനം ചെയ്തു. വിതക്കാരന്റെ ഉപമയെ അടിസ്ഥാനമാക്കി ശിഷ്യൻ, മിഷനറി എന്നിവ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന മൂന്നു പ്രതിരൂപങ്ങളെക്കുറിച്ച് അദ്ദേഹം പങ്കുവച്ചു. ഒന്നാമതായി നിലം വിത്തുവിതയ്ക്കാനുള്ള സ്ഥലമാണ്. രണ്ടാമതായി നിലം ഒരു പരിശീലനവേദിയാണ്. മൂന്നാമതായി അത് നിർമാണം നടക്കുന്ന സ്ഥലമാണ്. എന്റെ ജീവിതത്തെക്കുറിച്ചും അതിനെ ഞാനെങ്ങനെ വ്യക്തിപരമായി എടുക്കുന്നുവെന്നതിനെക്കുറിച്ചും ഒരു പുനർചിന്തയ്ക്കുതകുന്നതായിരുന്നു പരി. പിതാവിന്റെ വാക്കുകൾ.

ജാഗരണപ്രാർഥനയ്ക്കുശേഷം 28-ാം തീയതി രാവിലെ വി. കുർബാനയ്ക്ക് അത്യാവേശത്തോടെയാണ് ലക്ഷം വരുന്ന യുവജനങ്ങൾ പങ്കെടുത്തത്. പരി. പിതാവിനോടൊപ്പം ബലിയർപ്പിക്കാനായി കർദിനാളുമാരും ബിഷപ്പുമാരും വൈദികരുമടങ്ങിയ ഒരു നീണ്ടനിര തന്നെയുണ്ടായിരുന്നു. കുർബാനമധ്യേയുള്ള പ്രസംഗത്തിൽ അദ്ദേഹം ലളിതമായ ചില കാര്യങ്ങൾ മാത്രമേ പറഞ്ഞുള്ളൂവെങ്കിലും അത് അവിടെ കൂടിയിരുന്ന ഓരോ യുവാവിനെയും യുവതിയെയും വെല്ലുവിളിക്കാൻ ഉതകുന്നതായിരുന്നു. പോകൂ, ഭയം കൂടാതെ ശുശ്രൂഷിക്കൂ എന്ന അദ്ദേഹത്തിന്റെ വാക്കുകൾ യേശു അപ്പസ്തോലന്മാരെ അയച്ച അനുഭവം പോലെയായിരുന്നു. വി. കുർബാനയ്ക്കുശേഷം പരിശുദ്ധപിതാവ് അടുത്ത ലോകയുവജനദിനം പോളണ്ടിലെ ക്രാക്കോവിലായിരിക്കുമെന്ന് പ്രഖ്യാപിച്ചു. പാട്ടുകൾ പാടി ആഹ്ലാദഭരിതരായി ഞങ്ങൾ പിരിയുമ്പോൾ ഒരുവലിയ കുടുംബം സ്വന്തമായതിന്റെ മധുരസ്മരണകളായിരുന്നു മനസ്സുനിറയെ ■

*(ജീസസ് യൂത്ത് ഇന്ത്യയുടെ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററാണ് ഇമ്മാനുവൽ)*

## അനുഭവം

ഇമ്മാനുവൽ ജയകുമാർ ചെല്ലാനം



# ആരായിരിക്കും അയാൾ?

വർഷങ്ങൾക്കുമുമ്പ് എന്റെ അമ്മയുടെ ചികിൽസയുമായി ബന്ധപ്പെട്ട് മൈസൂരിൽ കെ. ആർ. നഗർ എന്ന സ്ഥലത്ത് പോകുവാനിടയായി. ഞങ്ങൾ കുടുംബത്തിലുള്ള എല്ലാവരും ഒരുമിച്ചാണ് പോയത്. അതിനുശേഷം പതിനഞ്ച് ദിവസം കഴിയുമ്പോൾ വീണ്ടും മരുന്നു വാങ്ങാൻ ഞാൻ ഒറ്റയ്ക്കായിരുന്നു പോയത്. രാത്രി 9.30 ആകുമ്പോൾ എറണാകുളത്തുനിന്നും ബാംഗ്ലൂർ ബസ്സിൽ കയറിയാൽ അതിരാവിലെ കെ. ആർ. നഗറിലെത്താം. ഒത്തിരിജനക്കൂട്ടം ഉള്ള വലിയൊരു പട്ടണം. നാലാമത്തെ പ്രാവശ്യം മരുന്നു വാങ്ങാൻ പോകുവാനായി തുടങ്ങുമ്പോൾ എനിക്ക് ഒരാഗ്രഹം. എറണാകുളത്തുനിന്ന് പകൽ പോകാം. അങ്ങനെയെങ്കിൽ കാഴ്ചയൊക്കെ കണ്ട് പോകാമല്ലോ. ആ ധാരണയിൽ ഞാൻ യാത്ര പകലാക്കി. ഒത്തിരി സന്തോഷകരമായ യാത്ര തന്നെയായിരുന്നു അത്. എന്നാൽ, മൈസൂർ എത്തിയപ്പോൾ വെളുപ്പിന് ഒരുമണിയായി. അസമയം ആയിരുന്നിട്ടും അത്യാവശ്യം നല്ല തിരക്കുണ്ടായിരുന്നു അവിടെ. ഒരു കട്ടൻകാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ കെ.ആർ. നഗറിലേക്കുള്ള ബസു കണ്ടു. അതിൽ ചാടിക്കയറി. ഏകദേശം ഒന്നരമണിക്കൂർ യാത്ര. അതിരാവിലെ മൂന്നുമണിക്കു മുൻപായി അവിടെ എത്തി.

ഞാൻ ബസ് സ്റ്റാൻഡിൽ ഇറങ്ങി. ഞാൻ മാത്രം. പകൽ ഒത്തിരി തിരക്കും ആൾക്കൂട്ടവുമുണ്ടായിരുന്ന ആ ബസ് സ്റ്റാൻഡിൽ ഒരു മനുഷ്യനെപ്പോലും കാണാൻ പറ്റുന്നില്ല. നായ്ക്കളുടെ ശല്യവും. ഞാൻ സാവകാശം അവിടെനിന്ന് ഡോക്ടറുടെ വീട് ലക്ഷ്യമാക്കി നടന്നു. പരിചയമില്ലാത്ത സ്ഥലം. പരിചയമില്ലാത്ത ഭാഷ. ഉള്ളിന്റെ ഉള്ളിൽ ചെറുതായൊരു പേടി. ഡോക്ടറുടെ വീടിന്റെ പരിസരത്ത് എത്തി. അവിടെയും വിജനം. അപ്പോൾ എവിടെനിന്നോ ഒരാൾ എന്റെ അടുക്കലേക്ക് നടന്നുവന്നു. എന്തൊക്കെയോ കന്നടയിൽ ചോദിച്ചു. എനിക്ക് ഒന്നും മനസ്സിലായില്ല. അദ്ദേഹത്തെ ഒന്നു മനസ്സിലാക്കി കൊടുക്കാൻവേണ്ടി ഞാൻ പോക്കറ്റിൽ സൂക്ഷിച്ചിരുന്ന ഡോക്ടറുടെ അഡ്രസ് എടുത്തു. ഈ അഡ്രസ് കാണിക്കുമ്പോൾ ഞാൻ അയാളെ ശ്രദ്ധിച്ചു. കാരണം, അദ്ദേഹത്തിന്റെ കണ്ണുകൾ എന്റെ പോക്കറ്റിൽ കിടന്ന നോട്ടുകളിലായിരുന്നു. പിന്നീട് ഓരോ കാര്യങ്ങൾ ചോദിച്ച് ഇയാൾ എന്റെ അടുത്തുകൂടി. അപ്പോഴേക്കും എനിക്ക് പേടിയായി. ആ നിമിഷങ്ങളിൽ ഉള്ളിൽ ഞാൻ സ്തുതിക്കുവാൻ തുടങ്ങി. സ്തുതിപ്പ് ശക്തമായിക്കൊണ്ടിരിക്കുമ്പോൾത്തന്നെ അയാൾ എന്റെ പോക്കറ്റിൽ പിടിച്ചുവലിച്ചു. ഷർട്ടിന്റെ പോക്കറ്റ് അല്പം കീറി. അങ്ങോട്ടും ഇങ്ങോട്ടും മൽപിടുത്തമായി. അപ്പോൾ എന്റെ അധരങ്ങൾ ഭാഷാവരത്തിൽ സ്തുതിച്ചുകൊണ്ടേയിരുന്നു. അടുത്തനിമിഷം എവിടെനിന്നോ ഒരു കാർ വന്നുനിന്നു. ഡ്രൈവർ ചാടി ഇറങ്ങുന്നതും കണ്ടു. പിന്നെ കാണുന്നത് ഉഗ്രൻ അടി. അവസാനം പോക്കറ്റടിക്കാൻ ശ്രമിച്ചയാൾ ഓടിപ്പോയി. ആ കാർ ഡ്രൈവർ എന്റെ അടുക്കലേക്ക് വന്നു. എന്റെ പണം തിരികെ തന്നു. ഞാൻ മലയാളി ആണെന്ന് മനസ്സിലായപ്പോൾ അദ്ദേഹവും മലയാളത്തിൽ സംസാരിക്കാൻ തുടങ്ങി. ഞാൻ കാര്യമെല്ലാം പറഞ്ഞു. ആ അസമയത്ത് അവിടെ വന്നിറങ്ങിയതിന് ഒത്തിരി വഴക്കും പിന്നെ കുറേ ഉപദേശവും. സന്ദീപ് എന്ന് സ്വയം അദ്ദേഹം പരിചയപ്പെടുത്തി. പ്രഭാതമാകുന്നതുവരെ എനിക്ക് കൂട്ടായി നിന്നു. അടുത്തുള്ള ഒരു ചായക്കട തുറന്നപ്പോൾ അവിടെനിന്നു ചായയും വാങ്ങിതന്നു. അവിടെത്തന്നെ ഇരുന്ന് അല്പമൊന്നു ഞാൻ മയങ്ങി. ഞാൻ കണ്ണുതുറന്നുനോക്കുമ്പോൾ സന്ദീപിനെ അവിടെയൊന്നും കണ്ടില്ല. ആംഗ്യഭാഷയിൽ ചായക്കടക്കാരനോട് സന്ദീപിനെ ചോദിച്ചു. അപ്പോഴേക്കും സന്ദീപ് പോയി എന്നറിഞ്ഞു. നിറകണ്ണുകളുമായി നിൽക്കുമ്പോൾ അറിയാതെ ഈ ഗാനം മനസ്സിലേക്ക് കടന്നുവന്നു.

കരുതുന്നവൻ ഞാനല്ലയോ
കലങ്ങുന്നതെന്തിനു നീ
കണ്ണുനീരിന്റെ താഴ്വരയിൽ
കൈവിടുകയില്ല ഞാൻ നിന്നെ... ■


**കെയ്റോസ് റിട്രീറ്റ്**

**ഒക്ടോബർ 10-13**
**നവംബർ 7-10**
**ഡിസംബർ 12-15**

**ഫോൺ: 9048322525**



facebook

കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.



STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/1207 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 15.00 |
| Printer & Publisher | : | Reji J.Karott |
| Nationality | : | Indian |
| Address | : | Kairos, Emmaus, HMT Colony PO, Ernakulam-683503 |
| Editors Name | : | Chackochan Njavallil |
| Nationality | : | Indian |
| Address | : | Kairos, Emmaus, HMT Colony PO, Ernakulam-683503 |
| Owners Name | : | Kairos Trust, Chevayur.P.O, Kozhikode |

I Reji.J.Karott here by declare that the particular given above are true to the best of my knowledge and belief



**അനുഭവം**

തോമസ് സേവ്യർ കളത്തിപ്പറമ്പിൽ

# എട്ടാം ക്ലാസ്സിലെ പ്രാർഥന

1984 ജൂൺമാസം. കോരിച്ചൊരിയുന്ന മഴ. പാലാരിവട്ടം ദേശത്ത് ഒരു പാവപ്പെട്ട തയ്യൽക്കാരന്റെ രണ്ടു മുറിയും അടുക്കളയുമുള്ള ഒരു കൊച്ചുവീട്.

അദ്ദേഹത്തിന് ഭാര്യയും മൂന്നുമക്കളും. അതിൽ ഇളയമകനാണ് ഞാൻ. പേര് തോമസ്.

രാത്രി ഏകദേശം 12 മണി. എനിക്ക് കലശലായ പനി, കൂടെ ഛർദിയും. ഹോസ്പിറ്റലിൽ പോകാൻ ഒരു മാർഗവുമില്ല. അടുത്തെങ്ങും വണ്ടിയില്ല. എന്റെ അപ്പനും അമ്മയും വളരെ പേടിയോടുകൂടി എന്നെ ശുശ്രൂഷിക്കുകയാണ്. പുറത്ത് കനത്ത മഴ തുടരുമ്പോഴും, വീടിനകത്ത് എല്ലാവരുടെയും മനസ്സിൽ ഭീതിയുടെ മറ്റൊരു കാർമേഘം ഇരുണ്ടുകൂടിയിരുന്നു.

സമയം ഇഴഞ്ഞ് നീങ്ങുകയാണ്. ഏകദേശം രാത്രി 3 മണിയായിക്കാണും എന്റെ ഛർദിൽ അതിശക്തമാകുന്നു. ഞാൻ രക്തം ഛർദിക്കാൻ തുടങ്ങി. ആ രക്തത്തിന് തുരുമ്പിന്റെ ചുവയും എരിവുമായിരുന്നു. എല്ലാവരുടേയും മനസ്സിൽ ഇരുണ്ടുകൂടിയ ഭീതിയുടെ കാർമേഘം ശക്തിയുള്ള മഴയായി പെയ്തിറങ്ങിയതുപോലെ എല്ലാവരും വിറങ്ങലിച്ചു നിൽക്കുന്നു. ആ മൂന്നുമണിനേരത്ത് എന്റപ്പൻ ഷർട്ടുപോലുമിടാതെ വീട്ടിൽനിന്ന് ഇറങ്ങി ഓടുകയാണ്. എവിടെനിന്നെങ്കിലും ഒരു വിവിളിക്കാൻ. പാവം അധികം വൈകാതെ ഒരു ഓട്ടോയുമായി വന്നു. എന്നെ എറണാകുളം ലിസി ആശുപത്രിയിലേക്ക് കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ ഡോക്ടർ കൈയൊഴിഞ്ഞു. ഇത്രയും സീരിയസായതുകൊണ്ട് മറ്റെങ്ങോട്ടെങ്കിലും കൊണ്ടുപോകാൻ നിർദേശിച്ചു. അമ്മച്ചി ഡോക്ടറുടെ കാലിൽവീണു കരഞ്ഞു. എങ്ങനെയെങ്കിലും മകനെ രക്ഷിക്കാൻ. ഡോക്ടർ ആ അമ്മയുടെ കരച്ചിൽകേട്ടു. പക്ഷേ, ഡോക്ടർ പറഞ്ഞു: ഈ കുഞ്ഞിനെ രക്ഷിക്കാൻ എന്നെക്കൊണ്ടാവില്ല. ഞാൻ മരുന്നു കൊടുക്കാം. ദൈവം വിചാരിച്ചാൽ മാത്രമേ രക്ഷയുള്ളൂ. ദൈവത്തോട് പ്രാർഥിക്ക്. അമ്മച്ചി ഡോക്ടറുടെ കാൽവിട്ട് ദൈവത്തിന്റെ കാലിൽവീണ് കണ്ണുനീരോടുകൂടി പ്രാർഥിക്കാൻ തുടങ്ങി. അത്ഭുതമെന്ന് പറയട്ടെ ദൈവം എന്നെ തൊട്ടു സുഖപ്പെടുത്തി. വലിയൊരു വേദനയിലൂടെയാണെങ്കിലും ദൈവത്തിന്റെ സ്നേഹവും അത്ഭുതസാന്നിധ്യവും എനിക്കനുഭവിച്ചറിയുവാൻ തുടങ്ങി.

അങ്ങനെ ദിവസങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. മൂന്നുമാസം സ്കൂളിൽ പോയില്ല. ഓണപ്പരീക്ഷ എഴുതാൻ കഴിഞ്ഞില്ല. എങ്കിലും 7-ാം ക്ലാസ്സിൽ ഞാൻ പാസായി.

8-ാം ക്ലാസ്സ് ജീവിതം ആരംഭിക്കുന്നു. എന്റെ ചേട്ടനും 8-ൽത്തന്നെയാണ് പഠിക്കുന്നത്. കാരണം ചേട്ടൻ പഠനം നിറുത്തി ഒരുവർഷം വീട്ടിൽ ഇരുന്നു. എല്ലാവരുടെയും നിർബന്ധം കാരണം വീണ്ടും 8-ൽ തന്നെ ചേർന്നിരിക്കുകയാണ്.

ചേട്ടൻ എന്നും പറയും, ഈ വർഷം തോറ്റാൽ ഇനി ഞാൻ പഠിക്കില്ല. ഇതോടുകൂടി പഠിപ്പുനിർത്തും. ഇതെന്നെ വല്ലാതെ വിഷമിപ്പിച്ചു. കാരണം 10-ാം ക്ലാസ്സു വരെയെങ്കിലും എത്തിയില്ലെങ്കിൽ ഇന്നത്തെക്കാലത്ത് എന്തു ജോലി കിട്ടാനാണ്.

എന്നും കുടുംബപ്രാർഥനയുടെ സമയത്ത് ഞാൻ ചേട്ടനുവേണ്ടി പ്രാർഥിക്കും. ദൈവമേ, ചേട്ടനെ 10-ാം ക്ലാസ്സുവരെയെങ്കിലും എത്തിച്ചുതരണേ. ഈ വർഷം ജയിപ്പിക്ക

ണേ. പ്രാർഥന തുടർന്നുകൊണ്ടേയിരുന്നു. ദിവസങ്ങൾ കഴിഞ്ഞു. ഒരുദിവസം ഇതേ പ്രാർഥനയിലായിരിക്കെ എന്റെ ഹൃദയത്തിൽ വലിയൊരു സ്വരം ഞാൻ കേട്ടു. അതൊരു ചോദ്യമായിരുന്നു. "നിന്റെ ചേട്ടനുവേണ്ടി നീ തോൽക്കാൻ തയാറാണോ?" ഞാൻ പറഞ്ഞു: "ചേട്ടൻ ജയിക്കുമെങ്കിൽ ഞാൻ തോൽക്കാൻ തയാറാണ്". വീണ്ടും അടുത്ത ചോദ്യം എന്റെ ഹൃദയത്തിൽ മുഴങ്ങി - "നീ തോറ്റാൽ നിന്റെ അയൽവാസികളുടെയും കൂട്ടുകാരുടെയും ബന്ധുക്കളുടെയും മുഖത്ത് എങ്ങനെ നോക്കും?". ഞാൻ പറഞ്ഞു: "എനിക്കതിൽ വിഷമമില്ല. ചേട്ടനുവേണ്ടിയല്ലേ. ഞാൻ തോറ്റാലും ഇനിയും പഠിക്കും. എനിക്കു സമ്മതം".



ദിവസങ്ങൾ കടന്നുപോയി. കൊല്ലപ്പരീക്ഷ കഴിഞ്ഞു. എല്ലാ കുട്ടികളും റിസൽറ്റ് അയയ്ക്കാൻ അഡ്രസെഴുതിയ പോസ്റ്റ്കാർഡ് സാറിനെ ഏൽപിച്ചു. അന്ന് റിസൽറ്റ് പോസ്റ്റ്കാർഡിലാണ് വീട്ടിൽ വരുന്നത്.

അവധി ആരംഭിച്ചു. ഓരോ ദിവസവും ഞാൻ എണ്ണി എണ്ണി നീക്കുകയാണ്. വലിയൊരത്ഭുതം ഞാൻ കാത്തിരിക്കുകയാണ്. എന്റെ കുഞ്ഞ്മനസ്സ് നീറുകയാണ്. എന്നോട് സംസാരിച്ചത് ദൈവം തന്നെ ആയിരിക്കണേ. അത്ഭുതം സംഭവിക്കണേ.

അങ്ങനെ ഒരുദിവസം ഉച്ചഭക്ഷണം കഴിഞ്ഞ് എല്ലാവരും വീടിന്റെ മുൻപിൽ ഇരിക്കുകയാണ്. പെട്ടെന്നാണ് കണ്ടത്, അതാ പോസ്റ്റ്മാൻ വരുന്നു. അദ്ദേഹം ദൂരെനിന്നുതന്നെ വിളിച്ചുപറഞ്ഞു: ഒരാൾ ജയിച്ചു ഒരാൾ തോറ്റു. ഞാൻ ചാടി എഴുന്നേറ്റു. എന്റെ ഹൃദയമിടിപ്പു കൂടി. കൈകാലുകൾ മരവിക്കുന്നതുപോലെ തോന്നുന്നു. ആരാണ് ജയിച്ചത് ആരാണ് തോറ്റത്. ഞാൻ ഓടിച്ചെന്ന് പോസ്റ്റ്മാന്റെ കൈയിൽനിന്ന് കാർഡ് വാങ്ങി വായിച്ചു. കോരിത്തരിച്ചുപോയി; ഞാൻ തോറ്റു. ചേട്ടൻ ജയിച്ചു. കാർഡ് വീട്ടുകാരെ ഏൽപിച്ച് വീടിന്റെ പിറകിലേക്കോടി. സന്തോഷം കൊണ്ട് പൊട്ടിക്കരഞ്ഞുപോയി. ഈ തോൽവിയാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വിജയം. ഞാൻ എന്റെ കർത്താവിനെ ആദ്യമായി തൊട്ടറിഞ്ഞ നിമിഷം! ■


Painting: Christ carrying the cross
Artist: El Greco
Completion date: c.1578
Place of creation: Spain
Style: Mannerism (Late Renaissance)
Period: Spanish period
Genre: religious painting
Technique: oil
Material: canvas
Dimensions: 108 x 78 cm
Gallery: Museo del Prado, Madrid, Spain



വിശ്വാസവർഷ സംഗമം

ജോബി തോമസ്

# വിശ്വാസത്തിന്റെ ഉത്സവാഘോഷമായി ഫെയ്ത്ത് കോൺഫറൻസ്




വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെയും ദൈവദാസനായ ജോസഫ് വിതയത്തിലിന്റെയും വിശ്വാസാങ്കുരങ്ങൾ വളർന്നു തിടംവച്ച ഇരിങ്ങാലക്കുടയിൽ കേരളത്തിന്റെ ജീസസ്‌യൂത്ത് നേതൃത്വം ഒത്തുചേർന്നു. 23 സോണുകളിൽ നിന്നായി 3200-ഓളം പേരാണ് സെപ്റ്റംബർ 13 മുതൽ 16 വരെ ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതൻ സ്കൂളിൽ നടന്ന ഫെയ്ത്ത് കോൺഫറൻസിലേക്ക് കടന്നുവന്നത്.

ഫാമിലി, യൂത്ത്, ടീൻസ്, പ്രീ-ടീൻസ്, കിഡ്സ് എന്നിങ്ങനെ വിവിധ സ്ട്രീമുകളിലായി നടന്ന കോൺഫറൻസ് ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ആണ് ഉദ്ഘാടനം ചെയ്തത്. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ ചെയർമാനും തൃശൂർ അതിരൂപതാ സഹായമെത്രാനുമായ മാർ റാഫേൽ തട്ടിൽ, കരിസ്മാറ്റിക്-മീഡിയാ-ബൈബിൾ-ഫാമിലി കമ്മീഷൻ സെക്രട്ടറിമാരായ റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി, റവ. ഫാ. ജോളി വടക്കൻ, റവ. ഡോ. ജോഷി മയ്യാറ്റിൽ, റവ. ഫാ. ജോസ് കോട്ടയിൽ, വാ. ജോൺ പോൾ II nd പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. ആന്റണി ചുണ്ടെലിക്കാട്ട്, ഡോ. എഡ്വേർഡ് എടേഴത്ത്, കെ.എസ്.റ്റി. വൈസ് ചെയർമാൻ വി. വി. അഗസ്റ്റിൻ, ഷാജി സ്കറിയ വൈക്കത്തുപറമ്പിൽ, മനോജ് സണ്ണി, ജീസസ് യൂത്ത് ഇന്റർനാഷണൽ കോർഡിനേറ്റർ അഡ്വ. റൈജു വർഗീസ്, സിൽജോ തോമസ്, ജീസസ്‌യൂത്ത് നാഷണൽ കോർഡിനേറ്റർ ആന്റണി എ.ജെ. തുടങ്ങിയവർ വിവിധ ക്ലാസ്സുകൾ നയിച്ചു. കെ.സി.ബി.സി. ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഡോ. സ്റ്റീഫൻ ആലത്തറ, യൂത്ത് കമ്മീഷൻ സെക്രട്ടറി റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി. എന്നിവർ സന്ദേശങ്ങൾ നൽകി.

വിവിധ വിഷയങ്ങൾ ഉൾച്ചേർത്ത മനോഹരമായ എക്സിബിഷൻ ഏവരുടെയും ശ്രദ്ധയാകർഷിച്ചു. ക്രോസ്സ് ടോക്ക്, വോക്സ് ക്രിസ്റ്റി എന്നീ മ്യൂസിക് ബാന്റുകളും, മീഡിയാമിനിസ്ട്രിയുടെ ഫെയ്ത്ത് റീൽ എന്ന ഡെയ്‌ലി പ്രോഗ്രാം ഹൈലൈറ്റ്സും ഷോർട്ട് ഫിലിമുകളും, ഓഡിയോ-വിഷ്വൽ മിനിസ്ട്രിയുടെ കൊറിയോഗ്രാഫിയും സ്കിറ്റുമെല്ലാം യുവജനങ്ങളുടെ ക്രിസ്തീയവിശ്വാസ പ്രകടനങ്ങളുടെ നല്ല മാതൃകകളായിരുന്നു. ബുക്ക് സ്റ്റാളും, ഫെയ്ത്ത്-ടീഷർട്ട് സ്റ്റാളുമെല്ലാം ഇടവേളകളെ തിരക്കുള്ളതാക്കി.

ആധുനികയുവത്വം, വിശ്വാസത്തിന്റെ വിവിധമേഖലകൾ, വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളും മറ്റു സഭാപ്രബോധനങ്ങളും തുടങ്ങിയ വിഷയങ്ങളിൽ യൂത്ത് സ്ട്രീമിൽ നടന്ന 23 സെമിനാറുകൾ ഏറെ ശ്രദ്ധേയമായി. സ്കിറ്റുകളും ഗ്രൂപ്പ് ആക്ടിവിറ്റികളുമായി രകസരമായിരുന്നു കിഡ്സിന്റെയും പ്രീ-ടീൻസിന്റെയും സ്ട്രീമുകൾ. ടീനേജേഴ്സും സഭാപ്രബോധനങ്ങൾ ഗൗരവമായി പഠിക്കുകയും ചർച്ചചെയ്യുകയും ചെയ്തു. വ്യത്യസ്തഗ്രൂപ്പുകളിൽ നടത്തിയ പങ്കുവയ്ക്കലുകൾ ഹൃദ്യമായിരുന്നു ഫാമിലി സ്ട്രീമിൽ. ബേബികെയർ വിഭാഗവും വളരെ കാര്യക്ഷമമായിരുന്നു.

കോൺഫറൻസിൽ പങ്കെടുത്തവർക്ക് വച്ചുവിളമ്പാൻ ഉയർത്തിയ നെടുംപുരയിൽ 100-ഓളം പേർ രാപകലില്ലാതെ പ്രാർഥനയോടെ പണിയെടുത്തു. ഭക്ഷണനേരങ്ങളിൽ ചിലപ്പോൾ അലോസരമായെത്തിയ മഴയെ അവഗണിച്ച് ഏവരും ശാന്തമായി ഭക്ഷണം കഴിച്ചു. സ്കൂളുകളിലും, കോളജുകളിലും, ഹോസ്റ്റലുകളിലും, കത്തീഡ്രൽ ഇടവകയിലെ വീടുകളിലുമായാണ് സംഗമത്തിനെത്തിയവർ താമസിച്ചത്. എല്ലാറ്റിനും ഊർജ്ജസ്രോതസ്സായി നാളുകൾക്കുമുമ്പേ ആരംഭിച്ച 24 മണിക്കൂർ ദിവ്യകാരുണ്യാരാധനയും പ്രോഗ്രാം തീരും വരെ ആ കോമ്പൗണ്ടിൽ തുടർന്നു.

റവ. ഫാ. അബ്രഹാം പള്ളിവാതുക്കൽ എസ്.ജെ., റവ. ഫാ. ചെറിയാൻ നേരെവീട്ടിൽ, റവ. ഫാ. ആനന്ദ് മണ്ണാലിൽ, റവ. ഫാ. ഷിബു ഒ.സി.ഡി., റവ. ഫാ. ജിജി കുന്നേൽ, പ്രൊഫ. വി. എം. ജോർജ്ജ്, സജി അറക്കുളം, സിൻജോ പി.കെ., അരുൺ ആന്റണി, രാജൻ ജോസഫ്, അഡ്വ. കെ. ജെ. ജോൺസൺ തുടങ്ങിയവർ കോൺഫറൻസിന് നേതൃത്വം നൽകി. ഈ മഹാസംഗമത്തിലൂടെ ക്രൈസ്റ്റ് വിദ്യാനികേതൻ സ്കൂളും പരിസരവും ദൈവകൃപയാൽ അനുഗ്രഹിക്കപ്പെട്ടതായി മാറിയെന്ന് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. വിൽസൺ തറയിൽ സി.എം.ഐ. അഭിപ്രായപ്പെട്ടു.

വിശ്വാസവെളിച്ചത്തെ പ്രോജ്ജ്വലിപ്പിച്ചുകൊണ്ട് കേരളത്തിന്റെ വിവിധഭാഗങ്ങളിലേക്ക് മടങ്ങിപ്പോയ ജീസസ്‌യൂത്ത് നേതൃത്വം വരും നാളുകളിൽ സഭയിലും സമൂഹത്തിലും കൂടുതൽ പ്രത്യാശാഭരിതമായ പുതിയൊരു സ്നേഹസംസ്കാരത്തിന് പ്രചോദനമേകട്ടെ ■

# സത്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകാം



## ചോദിക്കൂ പറയാം

ഡോ. സൂസി ജോസ്



**നമ്മൾ നന്മയാണെന്നുകരുതി ചെയ്യുന്ന ചില കാര്യങ്ങൾ മറ്റുള്ളവരുടെ ദൃഷ്ടിയിൽ ദോഷമായി ഭവിക്കാറുണ്ടല്ലോ? നാം ചെയ്യുന്നത് തിന്മയോ പാപമോ ആണെന്ന് നമുക്കെങ്ങനെ മനസ്സിലാക്കാം?**

എല്ലാ മനുഷ്യരിലും ദൈവികമായ ഒരംശം കുടികൊള്ളുന്നു. ആ സത്തയെ മനസ്സാക്ഷി എന്നു നമുക്ക് വിളിക്കാമെങ്കിൽ, ശ്ശോ! എന്ന് നമ്മുടെ മനസ്സാക്ഷി കുറ്റപ്പെടുത്തുന്ന കാര്യങ്ങളാണ് നാം ചെയ്യുന്നതെങ്കിൽ നമ്മുടെ പ്രവൃത്തികൾ സത്ഫലം പുറപ്പെടുവിക്കുന്നതല്ല എന്ന് ഗ്രഹിക്കുക. "അതു വേണ്ടായിരുന്നു" എന്ന ചിന്തയ്ക്ക് കാരണമാകുന്ന കാര്യങ്ങൾ പിന്നീടൊരിക്കലും ആവർത്തിക്കാതിരിക്കുക.

**ആധുനികസംസ്കാരത്തിൽ പത്തുകല്പനകൾക്ക് വലിയ പ്രാധാന്യം ഉണ്ടോ?**

തീർച്ചയായും അതീവഗൗരവമായ പ്രാധാന്യം തന്നെയുണ്ട് ദൈവകല്പനകൾക്ക്. കാരണം, എല്ലാ കാലങ്ങളിലും എല്ലാ സമയങ്ങളിലും ദൈവനീതിയും സാമൂഹ്യനീതിയും ഉറപ്പാക്കുന്നതിൽ ഈ പ്രമാണങ്ങൾക്ക് വലിയസ്ഥാനം തന്നെയാണ് ഉണ്ടായിരുന്നത്. മാറി മാറി വരുന്നു എന്നുവച്ച് മനുഷ്യന്റെ മഹത്തവും അവനിലെ ദൈവികതയും നശിച്ചുപോകുന്നില്ല. പ്രത്യുത അത് പാലിക്കപ്പെടുന്നതുവഴി ദൈവത്തോടും സമൂഹത്തോടുമുള്ള മൗലിക കടമകൾ പാലിക്കപ്പെടുകയാണ് ചെയ്യുന്നത്. കാലാകാലങ്ങളായി ആവർത്തിക്കുകയും പാലിക്കപ്പെടുകയും ചെയ്യുന്ന ഈ ദൈവപ്രമാണങ്ങൾ മനുഷ്യരാശിയുടെതന്നെ നിലനിൽപിന്റെ അടിസ്ഥാനമാണ്.

**പെണ്ണെന്ന വർഗത്തെ വിശ്വസിക്കാനെ കൊള്ളില്ല എന്നാണ് എന്റെയും എന്റെ സുഹൃത്തുക്കളുടേയും അനുഭവം. പിന്നെ എങ്ങനെ വിശ്വസിച്ച് ഇവളുമാരെ വിവാഹം ചെയ്യും?**

സമൂഹത്തിൽ പ്രചരിച്ചുവന്ന ഒരു ചൊല്ല് പെണ്ണ് എന്ന വർഗത്തെ വിശ്വസിക്കാൻ കൊള്ളില്ല. എന്തിനും ഏതിനും എല്ലാവരും ആ ചൊല്ല് എടുത്തുപയോഗിക്കുന്നു. പക്ഷേ, നമ്മുടെ അമ്മയെയും പെങ്ങളെയും നമുക്ക് സ്നേഹിക്കാനും ആദരിക്കാനും സംരക്ഷിക്കാനും കഴിയും. അതുപോലെതന്നെ മറ്റൊരു കുടുംബത്തിലെ സ്ത്രീയെ എന്തുകൊണ്ട് നാം ആദരിക്കുന്നില്ല. അവരെ ഒരു ഉപഭോഗവസ്തുവായി മാത്രം നാം കാണുന്നു. അവരും ആദരിക്കപ്പെടേണ്ടവരാണെന്ന ചിന്ത ഉണ്ടാവുകയും അവരെ ലൈംഗിക തൃഷ്ണ തീർക്കാനുള്ള വസ്തുവായി കാണാതിരിക്കുകയും ചെയ്യുക. നമ്മൾ മറ്റു പെൺകുട്ടികളെ പ്രേമിക്കാനും ദുരുപയോഗിക്കാനും ശ്രമിക്കുമ്പോൾ നമ്മുടെ സഹോദരങ്ങളോടും അപരൻ അങ്ങനെ പെരുമാറും എന്ന് മനസ്സിലാക്കുക. ആരും ജനിച്ചു വീഴുന്നത് വിശ്വാസയോഗ്യരല്ലാതെയല്ല. അതുകൊണ്ട് നമ്മൾ തന്നെ ശ്രദ്ധിക്കുക. മറ്റൊരാളെ കെണിയിൽപ്പെടുത്താതെ നാം സ്വയം നന്നാകുമ്പോൾ നമുക്ക് എല്ലാവരേയും വിശ്വസിക്കാനാവും. ചുറ്റുമുള്ളവരും നന്മയുള്ളവരായി നമുക്ക് കാണാനാവും.

**"ഒന്നുപിഴച്ചാൽ മൂന്നുപിഴയ്ക്കും" എന്ന ഒരു വിശ്വാസം എനിക്ക് വളരെ 'ചെറുപ്പം' മുതലേ ഉണ്ട്. എന്റെ ജീവിതത്തിലെ പല അനുഭവങ്ങളും അത് ശരിയാണെന്ന ബോധ്യമാണ് എനിക്ക് ഉണ്ടാക്കിത്തന്നതും. ഇതിൽ വാസ്തവം ഒന്നുമില്ലെന്ന് എന്റെ സുഹൃത്തുക്കൾ പറയുന്നു. ഏതാണ് ഞാൻ വിശ്വസിക്കേണ്ടത്?**

ഒന്നുപിഴച്ചാൽ മൂന്നുപിഴയ്ക്കും എന്നത് ഒരു വിശ്വാസമാണെന്നല്ല അന്ധവിശ്വാസം അഥവാ അവിശ്വാസം എന്നാണ് പറയേണ്ടതെന്ന് തോന്നുന്നു. ഇങ്ങനെയൊരു ധാരണ ചെറുപ്പം മുതലേ മനസ്സിലുള്ളതിനാൽ എന്തു സംഭവിച്ചാലും അതെല്ലാം ഇതിനെ അടിവരയിട്ട് ഉറപ്പിക്കുന്നതായിട്ട് നമുക്ക് തോന്നാം. അത്തരമൊരു ഉറപ്പ് ഉണ്ടാകുന്ന രീതിയിലേക്ക് കാര്യങ്ങളെ കാണാനും നാം ശ്രമിച്ചുകൊണ്ടിരിക്കും. ചില വാക്കുകൾക്കും കർമങ്ങൾക്കും സംഭവങ്ങൾക്കും മായാജാലം കാട്ടാനുള്ള ശക്തിയുണ്ടെന്ന ഒരു ധാരണ പലരും കൈമാറി കൈമാറി നമ്മുടെ ഇടയിലും പ്രചരിക്കുന്നതാണ്. അടിയുറച്ച ദൈവവിശ്വാസം കൈമുതലായുള്ള വ്യക്തികൾ ഒരു കാരണവശാലും ഇത്തരം അബദ്ധധാരണകൾക്ക് വശംവദരാവില്ല. യുക്തിരഹിതമായ പല ധാരണകളും നമ്മുടെയുള്ളിൽ ചെറുപ്പത്തിൽത്തന്നെ വേരൂന്നിയാൽ അതിനെ പിഴുതെറിയാൻ വളരെ ബുദ്ധിമുട്ടാണ്. ഇതിലൊന്നും യാതൊരു വാസ്തവവും ഇല്ലായെന്നും ഈ പ്രപഞ്ചത്തിലെ ഓരോ കാര്യത്തിന്റെയും നിയന്താവ് ദൈവമാണെന്നും വിശ്വസിച്ച് മുൻപോട്ടുപോകുക.

*സ്നേഹപൂർവം, സൂസിച്ചേച്ചി*




## വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

# സിറിയൻ യുദ്ധവും മാർപാപ്പയും

ലോകമൊരു മഹായുദ്ധത്തിലേക്കു നീങ്ങുമോയെന്ന ആശങ്കയിലായിരുന്നു മാനവരാശി സെപ്റ്റംബർ ആദ്യവാരത്തിൽ കഴിഞ്ഞിരുന്നത്. എന്നാൽ താത്ക്കാലികമായി യുദ്ധം ഒഴിഞ്ഞുപോയ സന്തോഷത്തിലാണ് ലോകമിപ്പോൾ. എതിരാളികൾക്കു നേരേ രാസായുധങ്ങൾ ഉപയോഗിച്ചതാണ് സിറിയ യുദ്ധഭീഷണിയിലാകാൻ കാരണം. രാസവിഷവാതകങ്ങൾ പ്രയോഗിച്ചത് സൈന്യമല്ലാ വിമതരാണെന്നും ആക്ഷേപമുണ്ട്. എങ്ങനെയാണെങ്കിലും ഒരു പുരാതന ക്രൈസ്തവ മേഖല അതീവ ദുരന്തത്തിലാണ് ചെന്നുപതിച്ചിരിക്കുന്നത്.




അമേരിക്കയും ബ്രിട്ടനും ഫ്രാൻസും സിറിയയെ ആക്രമിക്കാൻ പദ്ധതിയിട്ടെങ്കിലും റഷ്യ തുടങ്ങിയ രാജ്യങ്ങൾ ഇതിനെതിരായിരുന്നു. കുറച്ചുകൂടി ക്ഷമകാണിക്കാനും സിറിയയുടെ രാസായുധങ്ങൾ അന്താരാഷ്ട്ര പരിശോധനയ്ക്കും നിയന്ത്രണത്തിനും വിധേയമാക്കാമെന്ന റഷ്യയുടെ നിർദേശം പൊതുവേ സ്വീകാര്യമായി. ഉടൻതന്നെ സിറിയയെ ആക്രമിക്കാമെന്ന അമേരിക്കൻ പ്രസിഡന്റ് ഒബാമയുടെ വാദത്തിന് പൂർണ പിന്തുണ സ്വദേശത്തുനിന്നു കിട്ടിയതുമില്ല.

എന്നാൽ യുദ്ധം താത്ക്കാലികമായി ഒഴിഞ്ഞുപോയതിനു പിന്നിൽ പ്രവർത്തിച്ച മറ്റൊരു ശക്തിയെ എടുത്തുകാണിക്കാൻ മാധ്യമങ്ങൾ മടികാണിക്കുന്നുണ്ട്. പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പയാണ് ആ ശക്തി. സെപ്റ്റംബർ 7-ന് ലോകമെങ്ങും സിറിയൻ യുദ്ധത്തിനെതിരേ പ്രാർഥിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ആ പ്രാർഥനയുടെ ആത്മീയ ശക്തി ലോകനേതാക്കളെ സ്വാധീനിച്ചിട്ടുണ്ടെന്നതാണ് യാഥാർഥ്യം. യുദ്ധത്തിലേക്ക് പെട്ടെന്ന് എടുത്തുചാടാതെ മറിച്ചൊരു തീരുമാനമെടുക്കാൻ നേതാക്കൾക്കു പ്രേരണയായത് ദൈവിക ഇടപെടലിന്റെ ഭാഗമായി വേണം കാണാൻ. ഇത്തരമൊരാഹ്വാനം നടത്തുക വഴി ധാർമികലോകത്തെ ഉന്നതസ്ഥാനത്ത് മാർപാപ്പ അവരോധിക്കപ്പെട്ടിരിക്കുന്നു.

ലോകമെങ്ങുമുള്ള കോടിക്കണക്കിനു വ്യക്തികളുടെ പ്രാർഥനയുടെ ഫലമായിട്ടാണ് പെട്ടെന്നുള്ള യുദ്ധതീരുമാനത്തിൽ നിന്ന് അമേരിക്ക പിൻവാങ്ങിയതെന്നു നമുക്കു വിശ്വസിക്കാം. രാഷ്ട്രീയ നേതാക്കളുടെ വിജയമായി ലോകമിതിനെ വാഴ്ത്തുമെങ്കിലും പ്രാർഥനയ്ക്കുത്തരമുണ്ടെന്നു മനസ്സിലാക്കാൻ വിശ്വാസികൾക്കു മാത്രമേ കഴിയുകയുള്ളൂ.

# വിദ്യാഭ്യാസ നിലവാരത്തിൽ തികച്ചും പാപ്പരാണു നമ്മൾ

ആഗോള സർവകലാശാല റാങ്കിങ് പട്ടിക ഈയിടെ പുറത്തു വന്നിരിക്കുന്നു. ആദ്യത്തെ 221 എണ്ണവും വിദേശത്തുള്ള സർവകലാശാലകളാണ് പട്ടികയിൽ സ്ഥാനം പിടിച്ചിരിക്കുന്നത്. ലോക റാങ്കിങ്ങിൽ 222-ാം സ്ഥാനത്താണ് ഡൽഹി ഐ.ഐ.ടി എത്തിയിരിക്കുന്നത്. ലോകത്തിലെ വളരെ ചെറിയ രാജ്യങ്ങൾ വരെ മികച്ച റാങ്കിങ്ങിലുണ്ട്. ആദ്യ റാങ്കിങ്ങിൽ വന്നിരിക്കുന്നത് കൂടുതലും അമേരിക്കയും ബ്രിട്ടനുമാണ്. ലോകത്താകമാനമുള്ള ജനങ്ങളിൽ അഞ്ചിലൊന്നു വസിക്കുന്ന ഭാരതത്തിന്റെ വിദ്യാഭ്യാസ നിലവാരം ഇതിൽ നിന്നു നമുക്കു മനസ്സിലാക്കാം.



മികച്ച ഗവേഷണങ്ങൾ നമ്മുടെ സർവകലാശാലകളിൽ ഉണ്ടാകണം. വിദ്യാഭ്യാസം, ഒളിമ്പിക് മെഡൽ ഇവയിലൊക്കെ ഭാരതത്തിന്റെ സ്ഥാനം താഴെയാകുന്നത് പ്രസ്തുത രംഗങ്ങളുടെ തലപ്പത്ത് മികവിനേക്കാളുപരിയായി ഇഷ്ടക്കാർക്ക് സ്ഥാനം വീതിച്ചുകൊടുക്കുന്നതു കൊണ്ടാകാം. ആനുപാതികമായി നോക്കുമ്പോൾ എല്ലാ രംഗത്തും അഞ്ചിലൊന്നു ഭാഗം മുന്നിലെത്താൻ കഴിയേണ്ടവരാണു നാം. എന്നാൽ, മേൽപറഞ്ഞ മേഖലകളിലൊക്കെ വളരെ താഴെയായത് അതീവ ഗൗരവത്തോടെ നാം ചിന്തിക്കണം. അതിന്, ആത്മാർഥതയ്ക്ക് അംഗീകാരം കൊടുക്കുന്ന ഒരു സമീപനം ഇവിടെ ഉരുത്തിരിയേണ്ടതുണ്ട്. ചിലർക്കു മേയാനുള്ള ലാവണമായി വിദ്യാഭ്യാസ, കായിക മേഖലകൾ ഇനിയെങ്കിലും മാറാതിരിക്കട്ടെ.



## ഹരിതയും സരിതയും

അടുത്തകാലത്ത് മാധ്യമശ്രദ്ധ നേടിയ രണ്ടു വനിതകളാണ് ഹരിത വി. കുമാറും സരിത എസ്. നായരും. ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷയിൽ ചരിത്രത്തിലാദ്യമായി ഒന്നാം റാങ്കുനേടിയ മലയാളി വനിതയാണ് ഹരിത വി. കുമാർ എന്ന മിടുക്കി. രണ്ടാം ഭാഷയായി മലയാളമാണ് ഹരിത തെരഞ്ഞെടുത്തത്. തികഞ്ഞ ആത്മവിശ്വാസത്തോടെ നാലാം പ്രാവശ്യത്തെ പരിശ്രമത്തിലാണ് ഒന്നാം റാങ്കിലേക്ക് ഹരിത എത്തിച്ചേർന്നത്. ആദ്യത്തെ പരാജയത്തിൽ മനസ്സു പതറാതെ വീണ്ടും പരിശ്രമിച്ച് വിജയം വരിക്കുകയാണുണ്ടായത്. ഹരിതയെക്കുറിച്ചുള്ള വിവരണങ്ങൾ എല്ലാ മാധ്യമങ്ങളും ഒന്നോ രണ്ടോ ലേഖനത്തിലൊതുക്കി. പരാജയത്തിൽ നിന്നും വിജയത്തിന്റെ ഉന്നതസോപാനത്തിലേക്കു കുതിച്ചുയർന്ന ഹരിതയുടെ ചരിത്രം വിദ്യാർഥികൾക്കു പാഠമാകണം. നിരാശയുടെ പടുകുഴിയിൽ കിടക്കുന്നവർക്ക് പ്രത്യാശ നൽകുന്നതാണത്. എന്നാൽ, അവരെക്കുറിച്ച് പരമ്പരകൾ എഴുതാൻ ആരെയും കണ്ടില്ല.



ഇതിനിടെ മാധ്യമങ്ങളുടെ ഇഷ്ടതോഴിയായി മാറിയത് സരിത എസ്. നായരാണ്. സോളാർ കേസുമായി ബന്ധപ്പെട്ട് ഭരണപക്ഷത്തിന് ആത്മസംഘർഷവും പ്രതിപക്ഷത്തിന് പ്രത്യാശയുമായി സരിതമാറി. പല പ്രസിദ്ധീകരണങ്ങളും അവരെക്കുറിച്ചു പരമ്പരകളെഴുതി. ടി.വി. ക്യാമറകളുടെയും മാധ്യമപ്രവർത്തകരുടെയും ഇഷ്ടതോഴിയായി ഇപ്പോഴും വിരാജിക്കുന്നു. ഹരിതചരിത്രം ജീവിതത്തിനുന്മേഷം പകരുന്നു. സരിതക്കഥകൾ പൊതുരംഗത്തെപ്പറ്റി വെറുപ്പുളവാക്കുന്നു.

പേരുകൾക്കു തമ്മിൽ സാമ്യമുണ്ടെങ്കിലും വിപരീത ദിശയിലുള്ള സ്വാധീനമാണ് ഇവർ സമൂഹത്തിനു നൽകുന്നത്. മാധ്യമങ്ങൾ ഏതാണ് കൂടുതൽ പ്രചരിപ്പിക്കുന്നത് അതനുസരിച്ചാകും ജനങ്ങളിൽ ബന്ധപ്പെട്ട മനോഭാവങ്ങളും രൂപം കൊള്ളുന്നത് ■




ഇരിഞ്ഞാലക്കുടയിൽ വച്ച് നടന്ന
FAITH CONFERENCE-നെക്കുറിച്ച് കൂടുതൽ
അറിയുവാൻ
facebook page സന്ദർശിക്കുക:
www.facebook.com/FAITHCONFKERALA



## കലപില

അരുൺ ആന്റണി

### ‘ഫാമിലി ഫോട്ടോ’ – കുടുംബങ്ങളിലൂടെ ഒരു ആത്മീയ യാത്ര


ഗുഡ്നസ് ടി.വിയിൽ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 4.30ന് സംപ്രേക്ഷണം ചെയ്തു വരുന്ന ഫാമിലി ഫോട്ടോ ആത്മീയതയിൽ വേരുറച്ച് വളരുന്ന കുടുംബങ്ങളിലൂടെയുള്ള ഒരു ഹ്രസ്വയാത്രയാണ്. ഓരോ കുടുംബത്തിന്റെയും ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമാണ്; അതുകൊണ്ടുതന്നെ അവർ ആത്മീയത പരിശീലിക്കുന്നതും വ്യത്യസ്തമായാണ്.



വിവിധ ജീവിത സാഹചര്യങ്ങളിൽ നിന്നുകൊണ്ട് വിശ്വാസത്തിൽ അടിയുറച്ച് ആത്മീയതയിൽ വളരുന്ന കുടുംബങ്ങളെ ഫാമിലി ഫോട്ടോയിലൂടെ പരിചയപ്പെടാം. സജീവ ജീസസ് യൂത്തും, സംഗീതജ്ഞനുമായ ഷെജിൻ തോമസ് ആണ് ഫാമിലി ഫോട്ടോയുടെ അവതാരകൻ. 80 എപ്പിസോഡുകൾ പിന്നിട്ട ഫാമിലി ഫോട്ടോ ചൊവ്വാഴ്ച രാവിലെ 9 മണിക്കും, വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1.30–നും പുനഃസംപ്രേക്ഷണം ചെയ്യുന്നു.

### YOUCAT: Youth Prayer Book

Youcat പുസ്തക പരമ്പരയിലെ യൂത്ത് പ്രെയർ ബുക്കിനെ പരിചയപ്പെടാം. പരമ്പരാഗത പ്രാർത്തനകൾക്കൊപ്പം പുതിയ പ്രാർഥനകളും വിശുദ്ധ ഗ്രന്ഥത്തിൽനിന്നുള്ള പ്രാർഥനകളും ഈ പുസ്തകത്തിൽ ഉൾപ്പെടുന്നു. പ്രാർഥിക്കാനുള്ള പ്രായോഗിക നിർദേശങ്ങളും സമയത്തിനും സന്ദർഭത്തിനും അനുയോജ്യമായ വിവിധ പ്രാർഥനകൾ ഈ ബുക്കിൽ ഉൾപ്പെടുന്നു. Youcat പോലെ യുവത്വത്തിന് അനുയോജ്യമായ അവതരണരീതിയും ഡിസൈനും യൂത്ത് പ്രെയർ ബുക്കിനെ കൂടുതൽ സുന്ദരമാക്കുന്നു. ഇഗ്നേഷ്യസ് പ്രസ്സ് പ്രസിദ്ധീകരിച്ച ഈ പുസ്തകം ATC ആണ് ഇന്ത്യയിലെ വിധരണം ചെയ്യുന്നത്.







**അനുഭവങ്ങൾ നുണപറയുകയില്ല. ഇതിനേക്കാൾ മനസ്സിലാക്കാൻ കഴിയുന്ന അനുഭവങ്ങളുമില്ല.**

**‘കൗമാരത്തിന്റെ കാണാപ്പുറങ്ങൾ’, ‘എന്റെ രാജകുമാരി പറന്നുപോയി’ എന്നീ പുസ്തകങ്ങൾക്കു ശേഷം സണ്ണി കോക്കാപ്പിള്ളിൽ എഴുതിയ ഏറ്റവും പുതിയ ഗ്രന്ഥം – ‘അമ്മ അന്ന് അങ്ങനെ പറഞ്ഞിരുന്നു’**

വിതരണം: കെയ്റോസ് പബ്ലിക്കേഷൻസ്, എച്ച്.എം.ടി. കോളനി പി.ഒ. എറണാകുളം: 683 503. ഫോൺ: 04842558825, 9446890744
E-mail: sunnykokkappillil@gmail.com





THE
FAITH CONFERENCE
13-16 SEPT 2013
KERALA REGION
CHRIST VIDYANIKETAN
ICSE SCHOOL
IRINJALAKUDA





KAIROS RNI No. KERMAL/2002/12027. Postal Reg No. EKM/734/2013-15. Date of publication: 27 Sept 2013. ₹15.00.




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Ernakulam-682041. Ph. 9847900555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512